**STANDARD X** **QEPR**

## ഗുണനിലവാരമുള്ള വിദ്യാഭ്യാസം
## കുട്ടികളുടെ അവകാശം

# ഒരുക്കം 2017

ഒരു തീവ്രപഠന പരിപാടി

# മലയാളം

**പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം**


# ഒരുക്കം പ്രവർത്തനങ്ങൾ – മാർഗ്ഗരേഖ

മുൻ വർഷങ്ങളിലേതു പോലെ കൂടുതൽ പരീക്ഷാസഹായിയായി പത്താം തരം വിദ്യാർത്ഥികൾക്ക് **ഒരുക്കം 2017** കൈകളിലെത്തുകയാണ്. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മുഴുവൻ കുട്ടികളെയും മികച്ച നിലവാരത്തിലെത്തിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഓരോ യൂണിറ്റും വിശകലനം ചെയ്യുകയും കുട്ടികളുടെ ഉത്തരങ്ങൾ അവലോകനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യവഹാരരൂപങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമൊരുക്കുകയാണ് ഈ വർഷം ചെയ്തിരിക്കുന്നത്. പ്രവർത്തനങ്ങൾക്കിടയിൽ പഠിതാക്കൾ സ്വയം വിശകലനം നടത്തി താൻ കണ്ടെത്തിയ ഉത്തരങ്ങൾ വിശകലനം ചെയ്യുകയും വേണം. അധ്യാപകർ പ്രശ്നങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുകയും മറികടക്കാനാവശ്യമായ സഹായങ്ങൾ നൽകുകയും വേണം. ഇതിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കേണ്ടതുമാണ്. ഇതിന്റെ വിജയത്തിന് അധ്യാപകർ, കുട്ടികൾ, രക്ഷകർത്താക്കൾ എന്നിവരുടെ സഹകരണവും കൂട്ടായ്മയും ഉണ്ടാകുമെന്നും അതിലൂടെ മികച്ച വിജയം കൈവരിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട്.....

ജനുവരി 11 മുതൽ നടപ്പാക്കാനുള്ള പഠനപാക്കേജാണിത്. ഇവ എല്ലാ വിദ്യാലയത്തിലും നടന്നു എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തണം. അതിനുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ജനുവരി ആദ്യവാരത്തിൽ എസ്.ആർ.ജി. യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യണം.
- പി.ടി.എ., എം.പി.ടി.എ., ജനപ്രതിനിധികൾ - ഇവരുടെ യോഗം വിളിച്ച് പ്രവർത്തനങ്ങൾ വിശദമായി ആസൂത്രണം ചെയ്യണം.
- ജനുവരി 11 മുതൽ ഒരുക്കം പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തണം.
- കുട്ടികൾക്കാവശ്യമായ ഭക്ഷണം തയ്യാറാക്കി നൽകണം.
- ഓരോ അദ്ധ്യാപകനും ദത്തെടുത്ത കുട്ടികളുടെ പഠന പുരോഗതി നിരന്തരം വിലയിരുത്തി ചർച്ചകളിലൂടെ മെച്ചപ്പെടുത്തണം.
- 8,9 ക്ലാസ്സുകളിലും സമാന പഠനപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.



**PROF. C. RAVEENDRANATH**
MINISTER FOR EDUCATION
GOVERNMENT OF KERALA

**സന്ദേശം**

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 2006ൽ ആരംഭിച്ച **ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം** (Quality Education Pupil's Right - QEPR) എന്ന പദ്ധതി പത്തുവർഷം പൂർത്തിയാക്കുകയാണ്. സ്കൂളുകളിലെ ലാബ്, ലൈബ്രറി സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പഠനപ്രവർത്തനങ്ങൾ, ഫലപ്രദമായ മോണിറ്ററിംഗ് എന്നിവയിലൂടെ പിന്നോക്കം നിന്നിരുന്ന വിദ്യാലയങ്ങൾ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു കഴിഞ്ഞു. കൂട്ടായ പരിശ്രമങ്ങളിലൂടെ ലഭിച്ച നേട്ടങ്ങളെ സ്ഥായിയായി നിലനിർത്തുകയും ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടി ഉപയോഗിച്ചു സ്കൂളുകളുടെ നിലവാരം കൂടുതൽ മികവുറ്റതാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഈ പൊതു വിദ്യാലയങ്ങളെ എത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടെ ഒട്ടേറെ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്കൂളുകളുടെ ഭൗതീകസൗകര്യങ്ങളോടൊപ്പം അക്കാദമിക നിലവാരവും ഉയർത്തുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണ് **ഒരുക്കം** എന്ന ഈ കൈപുസ്തകം. കുട്ടികൾക്ക് ഈ പഠനസഹായി ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സി.രവീന്ദ്രനാഥ്

Office : V$^{th}$ Floor, Room No. 505
Government Secretariat Annexe, Thiruvananthapuram-695 001
Phone-Office : 0471-2327574 Fax : 0471-2332133 Res : 0487-2383229
Mobile : 9447973300 Website : www.ravindranath.org

## ആമുഖം

## കേരളത്തിലെ സ്കൂളുകൾ മികച്ച വിജയത്തിലേക്ക്

തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ 2006ൽ ആരംഭിച്ച **ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം (QEPR)** പദ്ധതി അതിന്റെ ലക്ഷ്യം നേടി മുന്നേറുകയാണ്. അക്കാദമികവും ഭൗതികവുമായ തലങ്ങളിൽ നിരവധി മുന്നേറ്റങ്ങൾ കൈവരിക്കുവാൻ ഈ പദ്ധതിയിലുൾപ്പെട്ട വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേവല വിജയമല്ല മറിച്ച് മുഴുവൻ വിദ്യാർത്ഥികളെയും മികച്ച ഗ്രേഡിന് ഉടമകളാക്കുക എന്ന ലക്ഷ്യമാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി വരുകയാണ്.

മികച്ച വിജയം ലക്ഷ്യമാക്കി 2017 ജനുവരി 11 മുതൽ എല്ലാ ക്യൂ.ഇ.പി.ആർ വിദ്യാലയങ്ങളിലും പ്രത്യേക പഠനപാക്കേജുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടിയാണ് **ഒരുക്കം** എന്ന പഠനസഹായി തയ്യാറാക്കിയിട്ടുള്ളത്. മാറിയ പാഠപുസ്തകം കുട്ടികളിലുണ്ടാകാവുന്ന മാനസിക പിരി മുറുക്കങ്ങളിൽ നിന്ന് കുട്ടികളെ മോചിപ്പിക്കുന്നതിനും അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും സർഗ്ഗാത്മകമായ പുനരനുഭവപ്രവർത്തനങ്ങൾ, മൂല്യനിർണയ പ്രവർത്തനങ്ങൾ, അവയുടെ വിശകലനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന **ഒരുക്കം** പ്രയോജനപ്പെടും എന്നതിൽ സംശയമില്ല.

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രാദേശിക ഭരണകൂടങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗുണനിലവാരത്തോടെ മികച്ച വിജയം നേടിയെടുക്കാനുള്ള വർഷമായി 2017 മാറട്ടെ എന്നും ഈ ലക്ഷ്യം നേടാൻ എല്ലാ വിദ്യാലയങ്ങൾക്കും കഴിയട്ടെ എന്നും ആശംസിച്ചുകൊണ്ട്



വിജയാശംസകളോടെ



**കെ. വി. മോഹൻ കുമാർ ഐ.എ.എസ്**
പൊതു വിദ്യാഭ്യാസ ഡയറക്ടർ

# മലയാളം

## കേരളപാഠാവലി

# കാലാതീതം കാലവിസ്മയം

**പാഠഭാഗങ്ങൾ**

ലക്ഷ്മണസാന്ത്വനം
കാളിദാസൻ
അമ്മ

കവിത കാലദേശങ്ങൾക്ക് അതീതമാണ്. കാലാതിവർത്തിയായ കൃതികളെയും സാഹിത്യകാരന്മാരെയും പരിചയപ്പെടുകയെന്ന ലക്ഷ്യത്തോടെ ആദ്യത്തെ അധ്യായമായ കാലാതീതം കാവ്യവിസ്മയത്തിലെ രചനകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പ്രവർത്തനം-1**

തുടുവെള്ളാമ്പൽപൊയ്കയല്ല
ജീവിതത്തിന്റെ കടലേ
കവിതയ്ക്ക് ഞങ്ങൾക്ക് മഷിപ്പാത്രം.

-വൈലോപ്പിള്ളി

കൃതികൾ മനുഷ്യകഥാനുഗായികൾ

-കുമാരനാശാൻ

കവിതാശകലങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
വ്യക്തിഗതമായി വായിക്കുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

-വൈലോപ്പിള്ളിക്കവിത മുന്നോട്ടുവെക്കുന്ന കാഴ്ചപ്പാടെന്ത്?
-കവി കവിതയെ കാണുന്നതെങ്ങനെ?
-കവി ജീവിതത്തെ കാണുന്നതെങ്ങനെ?
-കടൽ എന്ന പ്രയോഗം നൽകുന്ന അർത്ഥസാധ്യതകളെന്തെല്ലാം?
-സാഹിത്യത്തെ ആശാൻ വിലയിരുത്തുന്നതെങ്ങനെ?
-മനുഷ്യകഥാനുഗായികൾ എന്ന പ്രയോഗം നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?

ചർച്ചയിലൂടെ കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിക്കുന്നു.
ഈ കണ്ടെത്തലുകൾ എഴുത്തച്ഛന്റെ കൃതികൾക്ക് എത്രമാത്രം യോജിക്കും?

ചർച്ചകൾക്കായി കുട്ടികൾ അഞ്ചു സംഘങ്ങളായി മാറുന്നു. ഓരോ സംഘത്തിലും നിശ്ചിത പദ്യഭാഗം നൽകുന്നു. ചർച്ച ചെയ്യാനായി പ്രവർത്തനപത്രിക നൽകുന്നു.

**പ്രവർത്തനപത്രിക-1**

- " വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

-...നിന്നുള്ളിലെപ്പൊഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമില്ലെന്നുള്ളതും "

- " നിന്നാലസാധ്യമായില്ലൊരു കർമ്മവും
നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ. "

**ചർച്ച ചെയ്യേണ്ടത്**

-കോപിഷ്ഠനായ ലക്ഷ്മണനെ ശ്രീരാമൻ വത്സ! സൗമിത്രേ! കുമാര! എന്നിങ്ങനെ സംബോധന ചെയ്യുന്നതെന്തുകൊണ്ടായിരിക്കാം?

-ലക്ഷ്മണന്റെ ധീരതയെക്കുറിച്ച് ശ്രീരാമൻ സൗമ്യനായി സംസാരിക്കുന്നതെന്തുകൊണ്ടായിരിക്കും?

-ലക്ഷ്മണന് തന്നോടുള്ള സ്നേഹത്തിന്റെ തീവ്രത തനിക്കറിയാമെന്ന് ശ്രീരാമൻ സൂചിപ്പിക്കുന്നതെന്തിനാവാം?

-ശ്രീരാമന്റെ ഈ പെരുമാറ്റരീതി നമുക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

**പ്രവർത്തനപത്രിക-2**

“ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം ”

“രാഗാദിസങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!”

-ജീവിതം ക്ഷണികമാണെന്ന് കവി അവതരിപ്പിക്കുന്നതെങ്ങനെ
ജീവിതം സ്വപ്നതുല്യം എന്നു പറയുന്നതിന്റെ യുക്തിയെന്ത്
-ജീവിതത്തിന്റെ നശ്വരത ഓർമ്മിപ്പിക്കുന്ന മറ്റു വരികൾ കാവ്യഭാ ഗത്തു നിന്നു കണ്ടെത്തുക.

**പ്രവർത്തനപത്രിക-3**

“പ ാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ടങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം. ”

“ക്രോധമൂലം മനസ്താപമുണ്ടായ് വരും
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം.”

-ജീവിതത്തെ കവി കാണുന്നതെങ്ങനെ?
-ക്രോധം മനുഷ്യജീവിതത്തെ ബാധിക്കുന്നതെങ്ങനെ?
-ക്രോധം പരിത്യജിക്കേണം ബുധജനം എന്നു പറയുന്നതിന്റെ പൊരുളെന്ത്?

**പ്രവർത്തനപത്രിക-4**

"സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
**********************************
ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ."

-അവിദ്യയും വിദ്യയും തമ്മിലുള്ള വ്യത്യാസം കവി വ്യക്തമാക്കുന്നതെങ്ങനെ?
-ഇന്നത്തെ വ്യക്തിഗതവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് നിങ്ങൾ കാണുന്ന കാരണമെന്ത്?
-ദേഹാഭിമാനം വരുത്തുന്ന ദോഷങ്ങളെന്തെല്ലാം?
-ക്രോധം വരുത്തുന്ന പ്രയാസങ്ങൾ എന്തെല്ലാം?

**പ്രവർത്തനപത്രിക-5**

"ചക്ഷുശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
**********************************
പുത്രമിത്രാർഥകളത്രാദി സംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്ക നീ"

-വരികളിലെ കാവ്യപരമായ പ്രത്യേകതകൾ എന്തെല്ലാം?
-ഉപയോഗിക്കപ്പെട്ട പദങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
-സംസ്കൃതവും മലയാളവും കൂടിച്ചേർന്ന പദക്കൂട്ടങ്ങളേതെല്ലാം?
-തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ പ്രത്യേകതകളെന്തെല്ലാം?
-കാവ്യഭാഗത്തു തെളിയുന്ന എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകളെന്തെല്ലാം ?
(സംഘപ്രവർത്തനങ്ങൾ നടക്കുമ്പോൾ ഓരോ സംഘത്തിനും ആവശ്യമായ സഹായം അധ്യാപിക ഉറപ്പു വരുത്തണം.)
ഓരോ സംഘവും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു.
ചർച്ചയിലൂടെ രൂപപ്പെട്ട ആശയങ്ങൾ പ്രയോജനപ്പെടുത്തി **എഴുത്തച്ഛൻ കാലാതീതനായ കവി** എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം തയ്യാറാക്കുന്നു.
വ്യക്തിഗതമായി തയ്യാറാക്കുന്നു.
പൊതുവായി അവതരിപ്പിക്കുന്നു.

മൂല്യനിർണയസൂചകത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.
സ്വയം മെച്ചപ്പെടുത്തുന്നു.

**മൂല്യനിർണയസൂചകങ്ങൾ**

-പദ്യത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്.
-അവയുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (ഭാഷ, പ്രയോഗം,....)
-കണ്ടെത്തിയ സവിശേഷതകൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.
-പ്രഭാഷണത്തിന്റെ ഘടന പാലിച്ച് തയ്യാറാക്കിയിട്ടുണ്ട്.

**കാളിദാസൻ**

ആവശ്യമായ സാമഗ്രികൾ
കാളിദാസനെക്കുറിച്ചുള്ള എൻ.വി. കൃഷ്ണവാരിയരുടെ നിരീക്ഷണങ്ങൾ എഴുതിയ നറുക്കുകൾ (കുട്ടികളുടെ എണ്ണത്തിനനുസരിച്ച്)

**പ്രക്രിയ**

തയ്യാറാക്കിയ നറുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഒരേ നറുക്കുകൾ കിട്ടിയ കുട്ടികൾ ഒരു സംഘമാകുന്നു. ഇത്തരത്തിൽ ആറു സംഘങ്ങൾ രൂപപ്പെടുത്തുന്നു. അവർക്ക് കിട്ടിയ നിരീക്ഷണങ്ങൾ കാളിദാസന്റെ ഏതു കൃതിയുമായി ബന്ധപ്പെട്ടതാണ് എന്നു കണ്ടെത്തുന്നു. തുടർന്ന് അധ്യാപികയുടെ നിർദേശമനുസരിച്ച് ആ കൃതിയുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു. പട്ടികയിൽ വരേണ്ടത്.
കൃതി----പ്രമേയം---സവിശേഷതകൾ
ഓരോ സംഘവും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
പൊതുവായ ആശയങ്ങൾ ക്രോഡീകരിക്കുന്നു. തുടർന്ന് ലഭിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ **വിശ്വമഹാകവി കാളിദാസൻ** എന്ന വിഷയവുമായി ബന്ധപ്പെടുത്തി ഉപന്യാസം തയ്യാറാക്കുന്നു.
നറുക്കുകളിൽ വരേണ്ടത്.

1.അഗാധമായ പ്രകൃതിസ്നേഹവും സൂക്ഷ്മനിരീക്ഷണശക്തിയും .പക്ഷേ ഗാംഭീര്യമുള്ള ആശയങ്ങളോ ജീവിതനിരീക്ഷണങ്ങളോ ഇല്ല.

2. സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത്. ഭോഗത്തില്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ പൂർണത.
3. കാളിദാസന്റെ ലോകോത്തര ഉപമകൾ പല പദ്യങ്ങളിലും വിടർന്നു നിൽക്കുന്ന കൃതി.
4. അഗ്നിമിത്രനെന്ന സുംഗരാജാവിന്റെ കുടുംബജീവിതം അക്കാലത്തെ രാഷ്ട്രീയസ്ഥിതികളെ ഹാസ്യഗർഭിതമായി അവതരിപ്പിക്കുന്നു.
5. ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജനഭിന്നവിചിത്രമാർഗമായ മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ആവിഷ്കരിച്ച കൃതി.

6. തീക്ഷ്ണസൂക്ഷ്മവും അപഗ്രഥനാതീതവുമായ ശാശ്വതവിരഹബോധത്തിന്
മനുഷ്യചേതനയിലെ മൗലികഘടകത്തിന് -ഹൃദയദ്രവീകരണക്ഷമമായ രൂപം നൽകി.

**പ്രവർത്തനം 2**

താഴെ തന്നിരിക്കുന്ന വാക്യത്തിലെ അടിവരയിട്ട സമസ്തപദങ്ങൾ വിഗ്രഹിച്ചെഴുതുക.

1. മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെടുന്നു.
2. രാജാക്കന്മാരെപ്പറ്റി ഭാരതീയർക്കുണ്ടായ ഉജ്ജ്വലാദർശങ്ങൾ ഈ കാവ്യത്തിലുടനീളം ദർശിക്കുന്നു.

(പാഠഭാഗത്തുനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി നൽകണം.)

# അമ്മ

**പ്രവർത്തനം 1**

" അടിമരാജ്യമായ ഇന്ത്യയെ ഞാൻ വെറുക്കുന്നു! പക്ഷേ.... ഇന്ത്യയെന്നമ്മയല്ലേ? എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിച്ചുകാണില്ലേ. ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും."

ലോക്കപ്പുമുറിയുടെ മൂലയ്ക്ക് ഒരു കുടം നിറച്ച് മൂത്രം ഉഗ്രമായ ഗന്ധത്തോടെ ഇരുന്നിരുന്നു. അന്നു ഞങ്ങൾക്ക് ആഹാരം കിട്ടിയില്ല. രാത്രി ഭയങ്കര തണുപ്പായിരുന്നു. കിടക്കാൻ പായ ഉണ്ടായിരുന്നില്ല. പിറ്റേ ദിവസം കാലത്തെഴുന്നേറ്റപ്പോൾ ഓരോരുത്തരുടെയും മുഖം നീരുകെട്ടി വീങ്ങിയിരുന്നു.

അധ്യാപിക ഓർമക്കുറിപ്പിലെ ഭാഗങ്ങൾ ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

തുടർന്ന് പ്രസ്താവനകളെക്കുറിച്ച് കുട്ടികളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
ആവശ്യമെങ്കിൽ അധ്യാപിക കൂടുതൽ ചോദ്യങ്ങളിലൂടെ ഇടപെടുന്നു.

-ഭാരതത്തോടുള്ള എന്തെല്ലാം മനോഭാവങ്ങളാണ് പ്രസ്താവനകളിൽ തെളിയുന്നത്?

-ഭാരതഭൂമി മരിച്ച എന്നെ എന്ന പ്രയോഗത്തിന്റെ അർഥസാധ്യതകൾ എന്തെല്ലാമാണ്?

-'പ്രസവിച്ച എന്റെ അമ്മ ജീവിക്കുന്ന എന്നെയും' എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?

-സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ച് വാക്യങ്ങളിൽനിന്നും നമുക്കു ലഭിക്കുന്ന സൂചനകളെന്തെല്ലാം?

-സ്വാതന്ത്ര്യസമരസേനാനികൾ സ്വപ്നം കണ്ട ഇന്ത്യയാണോ ഇന്നു നമ്മൾ കാണുന്നത്?

-സ്വാതന്ത്ര്യസമരസേനാനികളോടുള്ള പുതുതലമുറയുടെ മനോഭാവമെന്താണ്?

കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ബോർഡിലെഴുതുന്നു.

-ഭാരതത്തെയും അമ്മയെയും ഒന്നായി കണ്ടു.

-അടിമരാജ്യത്തെ ജീവിതം മരണമായി കണ്ടു.

-ജീവൻ നല്കിയാണെങ്കിലും നാടിനെ മോചിപ്പിക്കേണ്ടത് തന്റെ കടമയായി കണ്ടു.

-മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിഞ്ഞു.

-സമരത്തിൽ പങ്കെടുത്തതുകൊണ്ട് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ, .....

-സാമൂഹ്യപ്രശ്നങ്ങളിൽ പുതുതലമുറയുടെ മനോഭാവങ്ങളും നിലപാടുകളും..

ആശയങ്ങൾ പൊതുവായി ക്രോഡീകരിക്കുന്നു.

ചർച്ചയിലൂടെ ലഭിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതുതലമുറയും ഇന്ത്യയും എന്ന വിഷയത്തിൽ ലേഖനം തയ്യാറാക്കുന്നു.

വ്യക്തിഗതമായി രചിക്കുന്നു.

പൊതുവായി അവതരിപ്പിക്കുന്നു.

മൂല്യനിർണയസൂചകങ്ങൾക്കനുസരിച്ച് പരിശോധിക്കുന്നു.

ചർച്ചയിലൂടെ മെച്ചപ്പെടുത്തുന്നു.

**മൂല്യനിർണയസൂചകങ്ങൾ**

-പ്രസ്താവനകളുടെ/ പാഠഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

-പുതുതലമുറയുടെ നിലപാടുകൾ കണ്ടെത്തിയിട്ടുണ്ട്.

-ലഭിച്ച ആശയങ്ങൾ ക്രമീകരിച്ച് ലേഖനം തയ്യാറാക്കിയിട്ടുണ്ട്.

## അധ്യായം 2
# അനുഭൂതികൾ ആവിഷ്കാരങ്ങൾ

**പ്രവർത്തനം-1 സെൻകഥ**

ഒരിക്കൽ ഒരു യുവാവ് ഒരു പക്ഷിയെയും കൊണ്ട് തന്റെ ഗുരുവിന്റെ അടുത്തുചെന്നു. എന്നിട്ട് ഗുരുവിനെ കളിപ്പിക്കാൻ യുവാവ് ചോദിച്ചു.

".ഗുരോ ഈ പക്ഷി ജീവനുള്ളതാണോ അതോ ചത്തതോ?"

ഗുരു കാണാതിരിക്കാനായി ഇയാൾ പക്ഷിയെ ശരീരത്തിനു പുറകിലേയ്ക്ക് പിടിച്ചിരിക്കുകയായിരുന്നു. ഗുരു പക്ഷി ചത്തതാണെന്നു പറയുകയാണെങ്കിൽ അതിനെ പറത്തി വിടാനും അതിന് ജീവനുണ്ടെന്ന് പറയുകയാണെങ്കിൽ കൈയിലിട്ട് കഴുത്തു ഞെരിച്ചു കൊല്ലാനും യുവാവ് മനസ്സിൽ പദ്ധതിയിട്ടിരുന്നു. യുവാവിന്റെ ചോദ്യം കേട്ട ഗുരു പറഞ്ഞു.

ചോദ്യത്തിനുള്ള ഉത്തരം നിങ്ങളുടെ കൈയിലാണ്.

കഥയെഴുതിയ ചാർട്ട് അധ്യാപിക ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.(നന്നായി കഥ പറഞ്ഞാലും മതി)

കുട്ടികൾ കഥാംശം -കഥാപാത്രങ്ങൾ- കഥയുടെ സന്ദേശം എന്നിവ ചുരുക്കിപ്പറയുന്നു. ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

-കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം?
-ശിഷ്യന്റെ ഉദ്ദേശ്യം എന്തായിരുന്നു?
-ശിഷ്യൻ ഇത്തരത്തിൽ പെരുമാറാൻ കാരണമെന്തായിരിക്കും?
-ശിഷ്യന്റെ മനോഭാവത്തെ നിങ്ങൾ വിലയിരുത്തുന്നതെങ്ങനെ?
-ഗുരുവിന്റെ വാക്കുകൾക്കു പിറകിലെ തിരിച്ചറിവെന്ത്?
-കഥ മുന്നോട്ടുവെക്കുന്ന കാഴ്ചപ്പാടെന്ത്?

ചർച്ചയിൽ രൂപപ്പെടുന്ന ആശയങ്ങൾ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണത്തിൽ വരേണ്ടത്**

- ♦ സർവചരാചരങ്ങളോടുമുള്ള സ്നേഹമാണ് യഥാർഥസ്നേഹം.
- ♦ ഉപാധികളില്ലാത്ത സ്നേഹമാണ് എന്നും നിലനിൽക്കുന്നത്.

ചർച്ചയിലൂടെ രൂപപ്പെടുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ സെൻകഥയിലെ ജീവിതദർശനം എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുന്നു.

അവതരണം -ചർച്ച

വ്യത്യസ്ത തലത്തിലുള്ള സ്നേഹം പ്രമേയമായി വരുന്ന രചനകളാണ് 'അനുഭൂതികൾ ആവിഷ്കാരങ്ങൾ' എന്ന അധ്യായത്തിൽ ചേർത്തിട്ടുള്ളത്. ഇതിലെ പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള വിശകലനവും സെമിനാറുമാണ് ഈ അധ്യായത്തിൽ ലക്ഷ്യമിടുന്നത്.

**പ്രവർത്തനം 2**

ഓരോ പാഠഭാഗത്തിലെയും പ്രധാനസന്ദർഭങ്ങൾ എഴുതിയ കുറിപ്പുകൾ തയ്യാറാക്കുന്നു. ചർച്ചയ്ക്കു വേണ്ടി ആറു സംഘങ്ങൾക്കു നൽകുന്നു.

**സംഘം-1**

മിസിസ് തലത്ത് കുട്ടികളെ പ്രസവിച്ചെന്നു മാത്രം. മുല കൊടുത്തിട്ടില്ല. താരാട്ടു പാടിയിട്ടില്ല. വാശിപിടിച്ചു കരയുമ്പോൾ ശാസിക്കുകയോ, സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മ വെയ്ക്കാൻ അവർ അടുത്തു വരും.

മിസിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചുകൊണ്ട് മന്ദഹസിച്ചു കൈനീട്ടി. പക്ഷേ, ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാളോർത്തു.

**ചർച്ചാസൂചകങ്ങൾ**

-അമ്മയെന്ന നിലയിൽ മിസിസ് തലത്തിന്റെ പ്രവൃത്തി നിങ്ങൾ വിലയിരുത്തുന്ന തെങ്ങനെ?

-യജമാനത്തിയുടെ അകൽച്ച എന്ന പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

-മിസിസ് തലത്തിനന്റെ പ്രവൃത്തികൾ സുധീർ വിലയിരുത്തുന്നതെങ്ങനെയെല്ലാം?

**സംഘം 2**

മിസിസ് തലത്ത് അയാളുടെ മൂർദ്ധാവിൽ കൈവെച്ച് അനുഗ്രഹിച്ചു. നിനക്ക് നന്മവരട്ടെ സുധീർ.

-ഓർമ്മകൾ... അതുമാത്രമേ വാർധക്യത്തിനവകാശപ്പെടാനുള്ളൂ. സുധീർ മടങ്ങിവരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷേ, എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം.

**ചർച്ചാസൂചകങ്ങൾ**

-മിസിസ് തലത്തിൽനിന്ന് താഴത്തു കുഞ്ഞുകുട്ടിയമ്മയിലേക്ക് വരുമ്പോൾ മാതൃത്വത്തിന് സംഭവിക്കുന്ന മാറ്റങ്ങൾ എന്തെല്ലാം?

-എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം എന്ന പരാമർശം വ്യക്തമാക്കുന്ന സ്നേഹ ത്തിന്റെ വ്യത്യസ്ത തലങ്ങൾ ഏതെല്ലാം?

**സംഘം -3**

"പ്രാണനൊടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

**ചർച്ചാസൂചകങ്ങൾ**

നളിനി മരണത്തിനു മുമ്പുള്ള ആശയായി പറയുന്നതെന്തെല്ലാം?

-വ്യക്ത്യാധിഷ്ഠിത സ്നേഹത്തിന്റെ ദോഷങ്ങൾ എന്തൊക്കെയാവാം?

**സംഘം-4**

"പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്ത് സഖി, ഏതതോതുക;

അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ
**ചർച്ചാസൂചകങ്ങൾ**

-ദിവാകരന്റെയും നളിനിയുടെയും സ്നേഹസങ്കല്പങ്ങളിലെ വ്യത്യാസമെന്ത്?

-പ്രാപഞ്ചികസ്നേഹവും വ്യക്ത്യാധിഷ്ഠിതസ്നേഹവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

**സംഘം-5**

വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കേറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാലിയും പിന്നെ പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു.
"ഈ പുലർച്ചക്ക് ആരാ വരാമ്പറഞ്ഞത്?"
പാറാവുകാരൻ പരുക്കനായി പറഞ്ഞു.
"ആപ്പീസ് തൊറക്കട്ടെ."
ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു.
അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.
"കാരണോർക്ക് ചായേ മറ്റോ വേണോ?"
**ചർച്ചാസൂചകങ്ങൾ**

-പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു.-ഈ വാക്യം നൽകുന്ന സൂചനയെന്ത്?

-പോലീസുകാരന്റെ മനംമാറ്റത്തിനു കാരണമെന്തായിരിക്കാം?

-വെള്ളായിയപ്പനോടുള്ള ഈ സ്നേഹപ്രകടനങ്ങൾ നൽകുന്ന സൂചനകളെന്തെല്ലാം?

**സംഘം-6**

കണ്ടുണ്ണി ശ്രവണത്തിനപ്പുറമുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു: "മകനേ"
കണ്ടുണ്ണി മറുവിളി വിളിച്ചു : "അപ്പാ!"
രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.
**ചർച്ചാസൂചകങ്ങൾ**

-ഈ സന്ദർഭത്തിന്റെ ആവിഷ്കാരരീതി വായനക്കാരുടെ വൈകാരികതലത്തെ ഉണർത്താൻ എത്രമാത്രം പര്യാപ്തമാണ്?

-രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ,മൗനത്തിൽ,അച്ഛനും മകനും അറിവുകൾ കൈമാറി. -ഈ വാക്യം നൽകുന്ന അർത്ഥസാധ്യതകൾ കണ്ടെത്തുക.

ഓരോ സംഘവും ചർച്ച ചെയ്യുന്നു.-ആശയം കണ്ടെത്തുന്നു.
പൊതുവായി അവതരിപ്പിക്കുന്നു.
ഓരോ സംഘത്തിന്റെയും അവതരണത്തിനുശേഷം അധ്യാപിക ക്രോഡീകരിക്കുന്നു.
തുടർന്ന് **സ്നേഹസങ്കൽപ്പം മലയാളസാഹിത്യത്തിൽ** എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാർ പ്രബന്ധം തയ്യാറാക്കുന്നു.(വ്യക്തിഗതം)

പ്രബന്ധാവതരണം.
ചർച്ച
പൊതുക്രോഡീകരണം.
(പ്രവർത്തനത്തിൽ സെമിനാറിന്റെ ഘട്ടങ്ങൾ പാലിക്കാൻ അധ്യാപിക ശ്രദ്ധിക്കണം.)

**പ്രവർത്തനം-3**

**കഥാപാത്രനിരൂപണം**

അധ്യാപിക രണ്ടു കഥാപാത്രങ്ങളുടെ പേരും രണ്ടു പ്രത്യേകതകളും കുറിക്കുന്നു.
മിസിസ് തലത്ത്

-നാഗരികതയുടെ പൊങ്ങച്ചത്തിൽനിന്നും ഗ്രാമീണതയുടെ നന്മയിലേക്ക് ഇറങ്ങിവരുന്നു.
- യഥാർഥ സ്നേഹത്തിന്റെ ശക്തി അനുഭവത്തിലൂടെ തിരിച്ചറിയുന്നു.
-
-

വെള്ളായിയപ്പൻ

-ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ ജീവിതം.
-സ്നേഹിക്കാൻ മാത്രമറിയുന്ന മനസ്സ്.
-
-

തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്തും കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയും കഥാപാത്രനിരൂപണം തയ്യാറാക്കുക. (വ്യക്തിഗതം)
തയ്യാറാക്കിയവ പൊതുവായി അവതരിപ്പിക്കുന്നു.
സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.
മെച്ചപ്പെടുത്തുന്നു.

**മൂല്യനിർണയസൂചകങ്ങൾ**

-നൽകിയ സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
-കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
-കഥാപാത്രങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ തെളിവുസഹിതം വ്യക്തമാക്കിയിട്ടുണ്ട്.
-ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനം-4**

കവിതാചാർട്ട് പ്രദർശിപ്പിക്കുന്നു.

**ഉതിർമണികൾ**

സൗഖ്യങ്ങൾ മാത്രമേ
ലാഭമെന്നെണ്ണായ്ക
ദുഃഖങ്ങളും ബഹുലാഭം,
ലാഭങ്ങളേറുമ്പോൾ
താണു വരുന്നത്
ലോഭങ്ങളെന്നറിഞ്ഞാലും.

-അക്കിത്തം

**കവിതാവിശകലനം-സൂചകങ്ങൾ**

-കവിതയുടെ പ്രമേയം

-ലാഭത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ

-ലാഭങ്ങളേറുമ്പോൾ

താണു വരുന്നത്

ലോഭങ്ങളെന്നറിഞ്ഞാലും.

-ഈ വരികളിലൂടെ കവി നൽകുന്ന സന്ദേശമെന്ത്?

-കവിതയുടെ ആനുകാലികപ്രാധാന്യമെന്ത്?

ചർച്ച.

പ്രസക്തമായവ ബോർഡിലെഴുതുന്നു.

തുടർന്ന് അനുഭൂതികൾ ആവിഷ്കാരങ്ങൾ എന്ന അധ്യായത്തിലെ ആശയങ്ങളും ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.(വ്യക്തിഗതം)

പൊതുഅവതരണം

മൂല്യനിർണയസൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

**സൂചകങ്ങൾ**

-കവിതയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

-ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.( പ്രയോഗം, വർണന, ആനുകാലികത....)

-അധ്യായത്തിലെ പാഠഭാഗങ്ങളുടെ പ്രധാനാശയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

-അനുയോജ്യമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## അധ്യായം 4
## വാക്കുകൾ സർഗതാളങ്ങൾ

**ആമുഖം**

മനുഷ്യന്റെ സർഗശേഷി അനിർവചനീയമാണ്. മാനവചരിത്രം മാറ്റിമറിച്ചത് അവന്റെ സർഗശക്തിയും അധ്വാനശേഷിയുമാണ്. കാലത്തെപ്പോലും അതിശയിപ്പിക്കുന്ന മനുഷ്യവികാസചരിത്രത്തിൽ ഇവയുടെ പങ്ക് അടർത്തിമാറ്റാനാവാത്ത വിധം രേഖപ്പെടുത്തിയിരിക്കുന്നു. അവയെക്കുറിച്ചുള്ള അറിവ് പുതിയ കുതിപ്പിന് ഊർജ്ജം പകരും.

**പ്രവർത്തനം-1**

അധ്യാപിക ചാർട്ട് പ്രദർശിപ്പിക്കുന്നു.

"ആരുമറിയാതെ ഇല്ലത്തുനിന്ന് പുറത്തുകടന്നു. പുറത്തെ മാളികയുടെ വടക്കുഭാഗത്തായി ഒരു വലിയ കുളമുണ്ട്, ശിവക്ഷേത്രവും. ചുറ്റിയ മുണ്ടുകൊണ്ട് വലിയൊരു കല്ല് വയറ്റത്തു കെട്ടി കുളത്തിൽ ചാടി മരിക്കാൻ തീരുമാനിച്ചു. കുളത്തിന്റെ അടുത്തെത്തി. കുറച്ചുമാറി കൃഷിക്കാർ ചക്രം ചവിട്ടുന്നു. പാട്ടുകളും പാടുന്നുണ്ട്. മരണം ഒരിക്കലേ ഉള്ളൂ. ഒരു വ്യക്തി മരിച്ചാൽ ലോകത്തിന് ഒന്നും സംഭവിക്കാനില്ല. ചിന്തിച്ചപ്പോൾ പാലൂരിന് ദുഃഖം തോന്നി. ദുഃഖിക്കുന്നതിനെക്കുറിച്ചുതന്നെ ദുഃഖം തോന്നി. ജിയുടെ വരികൾ ഓർമ്മ വന്നു.

കേവലം ഘനീഭുതമായ കണ്ണീരാണീ ഭൂതലം
നെടുവീർപ്പാണീ അന്തരീക്ഷം പോലും
ദാരിദ്ര്യം, രോഗം, ദുഃഖം മർത്ത്യജീവിതത്തിന്റെ
വേരിലും പടർപ്പിലും പൂവിലും കയ്പിൻ ഗന്ധം.

ജീവിതത്തെക്കുറിച്ചും മരണത്തിന്റെ നിസ്സാരതയെക്കുറിച്ചു ലോകഗതിയെക്കുറിച്ചും പറയുന്ന വരികൾ-ഒന്നുറപ്പിച്ചു; ആത്മഹത്യ വേണ്ട. കുളത്തിൽ പോയി കുളിച്ചു."

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ആശയം അവതരിപ്പിക്കുന്നു.

കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപകൻ ഇടപെടുന്നു.

-പാലൂർ പ്രത്യാശാനിർഭരമായ ജീവിത്തിലേക്ക് മടങ്ങിയതെങ്ങനെ?

-ഈ വാക്കുകൾ പകരുന്ന സന്ദേശമെന്ത്?

കുട്ടികൾ വിശകലനം ചെയ്യുന്നു. ആശയം കണ്ടെത്തുന്നു.

പൊതുവായി അവതരിപ്പിക്കുന്നു.

തുടർന്ന് അധ്യാപിക ഒരു പ്രസ്താവന അവതരിപ്പിക്കുന്നു.

**ചിലരുടെ ചിന്തകളും വാക്കുകളും നമുക്ക് ജീവിതത്തിൽ വഴികാട്ടിയാകാറുണ്ട്.**

ഈ പ്രസ്താവനയുമായി ബന്ധപ്പെടുത്തി തന്നിരിക്കുന്ന കുറിപ്പ് വിശകലനം ചെയ്യുക.

**പ്രവർത്തനം 2**

ഞങ്ങളുടെ വിശപ്പുംവയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽവച്ച് തൂക്കിനോക്കണം. ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?

അധ്യാപിക വാക്യങ്ങളെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ചർച്ച.

ആശയാവതരണം.

സന്ദർഭത്തിൽ തെളിയുന്ന സാമൂഹ്യാവസ്ഥയെന്ത്?

ഈ അവസ്ഥയ്ക്കുള്ള കാരണങ്ങളെന്തെല്ലാം?
ചർച്ച
തുടർന്ന് സമാനാശയമുള്ള സന്ദർഭങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തുന്നു.
അവതരിപ്പിക്കുന്നു.
പ്രസക്തമായ ആശയങ്ങളിലൂന്നി (ദാരിദ്ര്യം, പട്ടിണി, ജാതിപരമായ വിവേചനം.......)
**ക്രോഡീകരിക്കുന്നു.**
തുടർന്ന് ശരൺകുമാർലിംബാളെയുടെ ഇപ്പോഴത്തെ അവസ്ഥ പരിചയപ്പെടുത്തുന്നു.

-നാസിക് ആസ്ഥാനമായിട്ടുള്ള യശ്വന്തറാവുചവാൻ മഹാരാഷ്ട്ര ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജ്യണൽ ഡയറക്ടർ
-പ്രസിദ്ധ എഴുത്തുകാരൻ
-സാമൂഹ്യപ്രവർത്തകൻ

തുടർന്ന് ചങ്ങമ്പുഴയുടെ വരികൾ പരിചയപ്പെടുത്തുന്നു.

"ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോടു ഞാൻ നേടിടും"

കവിതയെക്കുറിച്ച് ലഘുചർച്ച.
തുടർന്ന് ഈ വരികളുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ ലിംബാളെയുടെ ജീവിതത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 3**
അശ്വമേധത്തിലെ വരികൾ ബോർഡിലെഴുതുന്നു.

ഈ യുഗത്തിന്റെ സാമൂഹ്യശക്തിഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!

വരികൾ വായിക്കുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
തുടർന്ന് ചില ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.
പച്ചമണ്ണിൻ മനുഷ്യത്വം എന്ന പ്രയോഗം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം?
മനുഷ്യന്റെ സർഗശക്തി പ്രയോജനപ്പെടുത്തേണ്ടതെങ്ങനെയെല്ലാം?
മനുഷ്യത്വം മഹത്വവൽക്കരിക്കപ്പെടുന്നത് എപ്പോഴാണ്?
അത്തരത്തിലുള്ള അനുഭവങ്ങൾ കണ്ടെത്താമോ?
ചോദ്യങ്ങൾക്ക് കുട്ടികൾ പ്രതികരിക്കുന്നു.
പ്രധാനാശായങ്ങൾ കുറിക്കുന്നു. അവ ക്രോഡീകരിക്കുന്നു.
സമൂഹത്തിൽ അടുത്ത കാലത്തുണ്ടായ മനുഷ്യത്വപരമായ നിരവധി പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടിയാവണം ക്രോഡീകരിക്കേണ്ടത്.
(കോഴിക്കോട് മാൻഹോൾ ദുരന്തം, അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നത്, ജാതിമതചിന്തയില്ലാതെ കരൾ പങ്കിട്ടു നൽകിയത്,മരണാനന്തരഅവയവദാനം............)
ഇത്തരം പ്രവർത്തനങ്ങൾ ഇന്നു കുറഞ്ഞുവരികയാണോ?
എന്തുകൊണ്ട്?
മനുഷ്യസ്നഹത്തിലധിഷ്ഠിതമായ സമൂഹത്തിനായി നമുക്കെന്തെല്ലാം ചെയ്യാനാവും?
ചർച്ച.

ചർച്ച.
തുടർന്ന് ' നമുക്ക് മനുഷ്യരാവാം' എന്ന വിഷയവുമായി ബന്ധപ്പെട്ട മുഖപ്രസംഗം തയ്യാറാക്കുന്നു.
വ്യക്തിഗതമായി തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
സൂചകങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.

**സൂചകങ്ങൾ**

- കവിതാഭാഗത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.
- സാമൂഹ്യാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.
- വിഷയവുമായി ബന്ധപ്പെട്ട് മുഖപ്രസംഗം തയ്യാറാക്കിയിട്ടുണ്ട്.
- മുഖപ്രസംഗത്തിന്റെ ഘടന, ഭാഷ മുതലായവ പാലിച്ചിട്ടുണ്ട്.

**പ്രവർത്തനം 4**

താഴെ തന്നിട്ടുള്ള പ്രസ്താവനകൾ/ സൂചനകൾ സാധൂകരിക്കുന്ന വരികൾ കവിതാഭാഗത്തുനിന്നും കണ്ടെത്തിയെഴുതുക.

1. സർഗശക്തിയുടെ അജയ്യത

2. സർഗാത്മകതയുടെ/ കവിതയുടെ ചരിത്രത്തിലെ നാൾവഴികൾ

3. സർഗാത്മകതയ്ക്ക് ചരിത്രം മാറ്റിമറിക്കാൻ കഴിയും.

4. സർഗാത്മകതയെ തളയ്ക്കാൻ നടത്തിയ ശ്രമങ്ങൾ

5. സർഗാത്മകത/ കവിതയെ വീണ്ടെടുത്തവരെക്കുറിച്ചുള്ള അഭിമാനം

6.കവിയുടെ ധീരമായ നിലപാട്

7. കവിത ആകർഷകമാക്കാൻ കവി സ്വീകരിച്ച തന്ത്രങ്ങൾ

കുട്ടികളുടെ ചെറിയ സംഘങ്ങളിൽ പ്രവർത്തനപത്രിക വിതരണം ചെയ്യുന്നു.
കുട്ടികൾ പ്രസക്തമായ വരികൾ,ആശയം മുതലായവ കണ്ടെത്തുന്നു.
കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
കവിതയുടെ പൊതു ആശയതലത്തിൽനിന്നുകൊണ്ട് ക്രോഡീകരിക്കുന്നു.
അവ പ്രയോജനപ്പെടുത്തി കവിതാനിരൂപണം തയ്യാറാക്കുക.

**പ്രവർത്തനം 5**

"അപ്പോൾ അവൻ അമ്മയോട് ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നത് എന്നു ചോദിച്ചതായും ഒരു ഷ്കോൾകുട്ടിയാണെന്ന് തള്ള മറുപടി പറഞ്ഞതായും അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി."

***ഞാൻ കഥാകാരനായ കഥ- എസ്.കെ.പൊറ്റെക്കാട്ട്***

“എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയെക്കാൾ എത്രയോ വലുതായിരുന്നു.”

അക്കർമാശി-ശരൺകുമാർലിംബാളെ

പാഠസന്ദർഭങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
കുട്ടികൾ വായിക്കുന്നു. രണ്ടു സന്ദർഭങ്ങളും താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.
അവതരിപ്പിക്കുന്നു. ചർച്ചചെയ്തു മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം 6**

അക്കിത്തത്തിന്റെ കവിതാശകലം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

“ ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം“

- അക്കിത്തം

കവിതാഭാഗം വായിക്കുന്നു. ആശയം ചർച്ച ചെയ്യുന്നു.
തുടർന്ന് ചോദ്യമുന്നയിക്കുന്നു.
ഈ കവിതാഭാഗത്തിന്റെ ആശയം ‘ ഞാൻ കഥാകാരനായ കഥ‘ എന്ന പാഠഭാഗത്തിന്റെ ആശയവുമായി യോജിക്കുന്നുണ്ടോ?
ചർച്ച. തുടർന്ന് അവ ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.
വ്യക്തിഗതമായി തയ്യാറാക്കൽ
പൊതുവായി അവതരിപ്പിക്കുന്നു.
മികച്ചവ കണ്ടെത്തുന്നു.
സ്വയം മെച്ചപ്പെടുത്തുന്നു.

## അധ്യായം 5
## കലകൾ കാവ്യങ്ങൾ

**പ്രവർത്തനം 1**

അധ്യാപിക കഥയിലെ ചില സന്ദർഭങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

-ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

-ഘടികാരത്തിൽനിന്നു സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാന യുടെ കാതിൽ മുഴങ്ങാൻ തുടങ്ങി.

-ഘടികാരത്തിനു വലതുവശത്തായി ക്രൂശിതനായ കർത്താവിനു മുന്നിൽ മുട്ടുകുത്തി വിലപിക്കുന്ന മറിയത്തിന്റെ ഒരു ചില്ലുപടം തൂക്കിയിരുന്നു.

കഥാസന്ദർഭങ്ങൾ കുട്ടികൾ വായിക്കുന്നു.
കണ്ടെത്തിയ ആശയങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
തുടർന്ന് അധ്യാപിക ചോദ്യം ഉന്നയിക്കുന്നു.
ഘടികാരം കഥയിൽ ഒരു സജീവ സാന്നിധ്യമായി മാറുന്നുണ്ടോ?
കഥാന്തരീക്ഷത്തിൽ അതുളവാക്കുന്ന സ്വാധീനമെന്ത്?

-ഭാഷാപ്രയോഗഭംഗി-തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം
-ഘടികാരം ഒരു സാക്ഷി, ത്രികാലങ്ങളെ ഓർമ്മപ്പെടുത്തുന്നു.....
- കണ്ടെത്തലുകൾ ക്രോഡീകരിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

വ്യക്തിഗതമായി തയ്യാറാക്കുന്നു.
പൊതുവായി അവതരിപ്പിക്കുന്നു.
ചർച്ചയിലൂടെ സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം 2**

-ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തു നിന്നു വരുന്നതുപോലെ മിറലിനു വീട് അപരിചിതമായി തോന്നി.

-ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു.

-മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിന്റെ ചാർച്ച യുള്ള ഒരു ചിരിയോടെ പറഞ്ഞു: " ഉവ്വ് മോളേ."

ചോദ്യങ്ങളിലൂടെ കഥാസന്ദർഭങ്ങൾ വിശകലനം ചെയ്യുന്നു.

- വീട് അപരിചിതമായി തോന്നി എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?
- ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകൾ എന്ന പ്രയോഗംകൊണ്ടു ധ്വനിപ്പിക്കുന്നതെന്തെല്ലാം?
- കരച്ചിലിന്റെ ചാർച്ചയുള്ള ചിരി എന്ന പ്രയോഗം കഥയ്ക്കു നൽകുന്ന ഭാവതലമെന്ത്?

തുടങ്ങിയ ചോദ്യങ്ങളുന്നയിച്ച് ചർച്ച ചെയ്യുന്നു. പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
തുടർന്ന് അധ്യാപിക ചോദ്യമുന്നയിക്കുന്നു.

കഥാപാത്രത്തിന്റെ മാനസികസംഘർഷങ്ങൾ ആവിഷ്കരിക്കുവാൻ തന്നിരിക്കുന്ന സന്ദർഭങ്ങൾ എത്രമാത്രം ശകതമാണ്?

കുട്ടികൾ ചോദ്യത്തിന് വ്യക്തിഗതമായി ഉത്തരം തയ്യാറാക്കുന്നു.

പൊതുവായി അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം-3**

എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞവെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽനിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.

കഥയിലെ ഈ സന്ദർഭം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

-ഈ വാക്യത്തിലൂടെ കഥാകൃത്ത് പറയാതെ പറയുന്നതെന്തെല്ലാം?

ചർച്ച. വിശകലനം

- അടിവരയിട്ട പ്രയോഗങ്ങൾ കഥയ്ക്കു നൽകുന്ന അർഥതലങ്ങൾ എന്തെല്ലാം?
-കഥാന്ത്യത്തിലെ ഈ വാക്യം കഥയ്ക്കു നൽകുന്ന ഭാവതലമെന്ത്?

ഇത്തരത്തിലുള്ള മറ്റു പ്രയോഗങ്ങൾ കഥയിൽനിന്നു കണ്ടെത്താമോ?

കുട്ടികൾ അവതരിപ്പിക്കുന്നു.ചർച്ച ചെയ്യുന്നു.

തുടർന്ന് അധ്യാപിക പ്രസ്താവന പരിചയപ്പെടുത്തുന്നു.

കഥയെ ഭാവതീവ്രമാക്കുന്നത് കഥാകാരന്റെ രചനാശൈലിയാണ്.

ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രസ്താവന ചർച്ച ചെയ്യുന്നു

തുടർന്ന് കുട്ടികൾ പ്രസ്താവനയോടുള്ള പ്രതികരണം വ്യക്തിഗതമായി തയ്യാറാക്കുന്നു. പൊതുവായി അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം 4**

കവിക്ക് ദൃശ്യലോകവും അദൃശ്യലോകവും ഒന്നുപോലെ സ്വാധീനമാണ്. അത്രതന്നയല്ല, അദൃശ്യമായ മാനസികലോകത്തിലാണ് അതു മിക്കപ്പോഴും സ്വച്ഛന്ദം വിഹരിക്കുന്നത്.

***ചിത്രകലയും കാവ്യകലയും-എം.പി. പോൾ***

വാക്യങ്ങളെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

വാക്യങ്ങൾ വായിച്ച് പൊതുവായി ചർച്ച ചെയ്യുന്നു.

തുടർന്ന്

ഈ വാക്യങ്ങൾ മൈക്കലാഞ്ജലോ, മാപ്പ് എന്ന കവിതയ്ക്ക് യോജിക്കുമോ? ചോദ്യം ഉന്നയിക്കുന്നു. ചെറുസംഘങ്ങളിൽ ചർച്ച ചെയ്യുന്നു.

കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു. അവ പ്രയോജനപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. (വ്യക്തിഗതം)

ചർച്ച ചെയ്തു മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം 5**

തന്നിൽനിന്നടർന്നൊരു
　　　　മുത്തിനെ,യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
　　　　മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേൽക്കും

പാഴ്ച്ചിപ്പിയുടെ മൂക-
സങ്കടംപോലെയമ്മ-
യിരിപ്പൂ; കരയുവാൻ കണ്ണീരില്ലാ,തുരി-
യാടുവാൻ വാക്കില്ലാതെ......

വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- കാവ്യഭാഗത്തിന്റെ സന്ദർഭമേത്?
- വരികളിൽ തെളിയുന്ന സവിശേഷതകൾ എന്തെല്ലാം?
- പാഴ്ച്ചിപ്പി എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
- കവിതയിൽ തെളിയുന്ന ചിത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.
കണ്ടെത്തലുകൾ ക്രോഡീകരിച്ച് കവിതയിലെ കാവ്യപരമായ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
വ്യക്തിഗതമായി തയ്യാറാക്കുന്നു. അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനം 6**

ചിത്രം കഥയായും ശില്പം കവിതയായും പരിണമിക്കുന്ന രാസമാറ്റമാണ് കലകൾ കാവ്യങ്ങൾ എന്ന അധ്യായത്തിൽ തെളിയുന്നത്.പാഠഭാഗങ്ങളിലെ ആശയങ്ങൾകൂടി പരിഗണിച്ച് കലകളുടെ പരസ്പരബന്ധം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.
ഈ ചോദ്യം കുട്ടികളെ പരിചയപ്പെടുത്തുന്നു.
കുട്ടികൾ വ്യക്തിഗതമായി ഉത്തരം തയ്യാറാക്കുന്നു.
പൊതുവായി അവതരിപ്പിക്കുന്നു (മൂന്നോ നാലോപേർ)
അവതരിപ്പിച്ചവയെ പൊതുചർച്ചയിലൂടെ വിലയിരുത്തുന്നു.
-ഉത്തരത്തിൽ വരേണ്ടതെന്തെല്ലാം?
(കല ഒരു കുടുംബം,ഓരോ കലയുടെയും പ്രത്യേകതകൾ, രൂപമാറ്റത്തിലൂടെ ലഭിക്കുന്ന സവിശേഷതകൾ, പൊതുവായ ഘടകങ്ങൾ......)
ചർച്ചയുടെ അടിസ്ഥാനത്തിൽ രചനകൾ സ്വയം മെച്ചപ്പെടുത്തുന്നു.

# മലയാളം

## അടിസ്ഥാനപാഠാവലി

## അധ്യായം-1
## ജീവിതം പടർത്തുന്ന വേരുകൾ

**ആമുഖം**

പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് സ്നേഹത്തിലധിഷ്ഠിതമായ ജീവിതക്രമങ്ങൾ അത്യാവശ്യമാണ്. പ്രകൃതിയേയും സഹജീവികളെയും സ്നേഹിക്കാനും ബഹുമാനിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്. ഇല്ലായ്മകളെയും വല്ലായ്മകളെയും സ്നേഹത്തിന്റെ സാന്ത്വനസ്പർശത്താൽ
മറികടക്കാം. സ്വാർത്ഥതയുടെ തിമിരം ബാധിച്ച ആധുനികമനുഷ്യന് സ്നേഹത്തിലധിഷ്ഠിതമായ ബന്ധങ്ങൾ നിലനിർത്താൻ കഴിയുന്നില്ല. കുടുംബജീവിതംപോലും തുരുത്തുകളായി മാറുന്നു. സാർവലൗകികമായ സ്നേഹബന്ധങ്ങൾ വളർത്തിയെടുക്കുവാൻ ഉതകുന്ന അധ്യായമാണ് ജീവിതംപടർത്തുന്നവേരുകൾ.

**പ്രവർത്തനം-1**

കവിതാശകലങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

- സ്നേഹമാണഖിലസാരമൂഴിയിൽ
  സ്നേഹസാരമിഹ സത്യമേകമാം -കുമാരനാശാൻ
- സ്നേഹിക്കയുണ്ണീ നീ നിന്നെ
  ദ്രോഹിക്കുന്ന ജനത്തെയും - അക്കിത്തം
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും -വയലാർ രാമവർമ്മ

വരികൾ പൊതുവായി വായിക്കുന്നു- ചർച്ച ചെയ്യുന്നു- വിശകലനം ചെയ്യുന്നു.
ഈ വരികളിൽ ആവിഷ്കരിക്കുന്നത് ഒരേ ആശയമാണോ?
ഇത്തരത്തിലുള്ള സ്നേഹമാണോ പ്ലാവിലക്കഞ്ഞിയിൽ തെളിയുന്നത്?
നോവൽഭാഗത്ത് സൂചിതമാകുന്ന മറ്റു സാമൂഹ്യപ്രശ്നങ്ങൾ ഏതെല്ലാം?
ചർച്ച.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു. ക്രോഡീകരിക്കുന്നു.
ക്രോഡീകരണത്തിൽ വരേണ്ടത്

**സ്നേഹബന്ധങ്ങൾ**

- ദാരിദ്ര്യത്തിലും ഭക്ഷണം പങ്കുവെച്ചു കഴിക്കുന്ന കോരനും ചിരുതയും
- ഭർത്താവിനു ഭക്ഷണം കരുതിവെക്കുന്ന ഭാര്യ
- പിതാവും പുത്രനും തമ്മിലുള്ള സ്നേഹം
- പിതാവിനെ തനിച്ചാക്കി പോന്നതിൽ പശ്ചാത്തപിക്കുന്ന മകൻ
- പിതാവിന്റെ അവസ്ഥയിൽ ദുഃഖിക്കുന്ന മകൻ.
- അപ്പന് ഒരു നേരമെങ്കിലും വയർ നിറയെ ആഹാരം നൽകണമെന്ന് ആഗ്രഹിക്കുന്ന മകൻ.
- മരുമകളും ഭർത്തൃപിതാവും തമ്മിലുള്ള സ്നേഹം
- മരുമകളെ മകളെപ്പോലെ സ്നേഹിക്കുന്നു.
- ഭർത്തൃപിതാവിന് കഞ്ഞികോരിക്കൊടുക്കുന്ന മരുമകൾ

അനീതിയോടുള്ള അമർഷം

- രാത്രിയുടെ മറവിൽ നടക്കുന്ന അനീതി കണ്ടപ്പോഴുള്ള കോരന്റെ ചിന്തകൾ

- പണിയെടുത്തിട്ടും ഭക്ഷണത്തിനുപോലും നെല്ല് കിട്ടാത്തതിലുള്ള അമർഷം

സാമൂഹ്യപ്രശ്നങ്ങൾ

- തൊഴിലാളിയെ ചൂഷണം ചെയ്യുന്ന ജന്മി
- അസംഘടിതതൊഴിലാളിവർഗം
- കരിഞ്ചന്തയിലെ നെല്ലുവ്യാപാരം
- തൊഴിലാളികളോടുള്ള മനോഭാവം

ഭാഷാപരമായ സവിശേഷതകൾ

- പ്രാദേശികഭാഷ
- ലഘുവാക്യങ്ങൾ
- ആചാരഭാഷ

ഓരോ സംഘത്തിന്റെയും അവതരണത്തിനും ക്രോഡീകരണത്തിനും ശേഷം പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്ന വിഷയത്തിൽ ലഘൂപന്യാസം തയ്യാറാക്കുന്നു.

വ്യക്തിഗതമായി തയ്യാറാക്കുന്നു

പൊതു അവതരണം

സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തി മെച്ചപ്പെടുത്തൽ

**മൂല്യനിർണയസൂചകങ്ങൾ**

-നോവൽഭാഗത്തിന്റെ ആശയം, ഭാഷാപരമായ പ്രത്യേകതകൾ, സാമൂഹ്യാവസ്ഥകൾ, സ്നേഹബന്ധങ്ങൾ ......മുതലായവ കണ്ടെത്തിയിട്ടുണ്ട്.

-ഓരോന്നും നോവൽഭാഗത്തെ ആകർഷകമാക്കുന്നതെങ്ങനെയെന്നു കണ്ടെത്തിയിട്ടുണ്ട്.

-ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനം-4**

എങ്ങോട്ടു പോകുന്നുവെന്നുചോദിച്ചില്ല,<br>
എന്തിനെന്നും;.....

വരികൾ ബോർഡിലെഴുതുന്നു.

ലഘുചോദ്യങ്ങളിലൂടെ ചർച്ച.

-ആര് ആരോടാണ് ചോദിക്കാതിരുന്നത്?

-മകൻ അമ്മയെ കൊണ്ടുപോയത് എവിടെയെല്ലാം?

-അമ്മയുടെ അവസ്ഥ കവി ചിത്രീകരിക്കുന്നതെങ്ങനെ?

-പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊരൂറ്റം -അർഥമാക്കുന്നതെന്ത്?

-പടികളിലെന്തോ തടഞ്ഞുപോയ്-തടസ്സമായിത്തീർന്നതെന്തെല്ലാം?

-വിദ്യാലയത്തിരുമുറ്റത്തെത്തിയ മകന്റെ ചിന്തകളെന്തെല്ലാം?

- ഈശ്വരൻ അശാന്തനായതെന്തുകൊണ്ടായിരിക്കും?

-ഒന്നിനും കൊള്ളരുതാത്തവനെന്നവൾ

- ഇന്നും പഴി പറഞ്ഞേക്കും- മകന്റെ ഈ ചിന്തയിലൂടെ കവി സൂചിപ്പിക്കുന്നതെന്തെല്ലാം?

ഈ ചോദ്യങ്ങളിലൂടെ കവിതയുടെ പൊതുവായ ആശയം രൂപീകരിക്കുന്നു.

തുടർന്ന് കവിതയിലെ ഒരു സവിശേഷപ്രയോഗം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഉദാ:- നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ-

പ്രയോഗത്തിന്റെ സവിശേഷതയെന്ത്?

(വാങ്മയചിത്രം)

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കുട്ടികൾ നിർദേശിക്കുന്നു. (ബോർഡിലെഴുതുന്നു)

ഉദാ;-

-മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ
-ഇപ്പെരുംമാളിന്റെ......
-

അമ്മത്തൊട്ടിൽ എന്ന കവിതയുടെ സാമൂഹ്യപ്രസക്തിയെന്ത്?
കുട്ടികളുടെ പ്രതികരണങ്ങൾ കുറിക്കുന്നു.
അമ്മത്തൊട്ടിൽ എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം യോജിക്കും? എന്തുകൊണ്ട്?
ചർച്ച.

-അമ്മത്തൊട്ടിൽ കുഞ്ഞുങ്ങളുടെ സംരക്ഷണസ്ഥലം
-അമ്മയ്ക്കും തൊട്ടിലുണ്ടാകേണ്ട അവസ്ഥ
-കവിയുടെ പ്രതിഷേധം.
-വർത്തമാനകാല അവസ്ഥകളുടെ നേർച്ചിത്രം.

തുടർന്ന് ആശയം, ആവിഷ്കാരരീതി, ആനുകാലികത മുതലായവ പരിഗണിച്ച്
അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുന്നു.
വ്യക്തിഗതമായി രചിക്കുന്നു.
പൊതു അവതരണം.

**സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ**

ആശയം, ആവിഷ്കാരരീതി മുതലായവ കണ്ടെത്തിയിട്ടുണ്ട്.
കവിതയുടെ ആസ്വാദനാംശങ്ങൾ കണ്ടെത്തയിട്ടുണ്ട്.
ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനം-5**

"ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും,മടങ്ങാതെ വയ്യ "

"ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വ ".

" അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു വൃദ്ധനെ തകഴിയിൽ തനിച്ചു നിർത്തിയിട്ട് താൻ തന്റെ സുഖം തേടി പെണ്ണുമായി മറുനാട്ടിൽപ്പോന്നു. "

മൂന്നു പാഠസന്ദർഭങ്ങൾ പ്രദർശിപ്പിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

- ഓരോന്നും സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
-ഓരോരുത്തരുടെയും ചിന്തകൾ നൽകുന്ന തിരിച്ചറിവുകൾ എന്ത്?

കുട്ടികളുടെ പ്രതികരണങ്ങൾ ബോർഡിലെഴുതുന്നു. ചർച്ച.
കഥാപാത്രങ്ങളുടെ കൂടുതൽ സവിശേഷതകൾ അതതുപാഠഭാഗങ്ങളിൽനിന്നു കണ്ടെത്തുന്നു.

തുടർന്ന് പട്ടിക പൂർത്തിയാക്കുന്നു.

| **കഥാപാത്രങ്ങൾ** | **സവിശേഷതകൾ** |
|---|---|
| കോരൻ (പ്ലാവിലക്കഞ്ഞി) | ............................ |
| മകൻ(ഓരോ വിളിയും കാത്ത്) | ............................ |
| മകൻ(അമ്മത്തൊട്ടിൽ) | ........................... |

തയ്യാറാക്കുന്ന സൂചനകൾ പൊതുവായി ചർച്ച ചെയ്യുന്നു.
അവ പ്രയോജനപ്പെടുത്തി കഥാപാത്രങ്ങളുടെ താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.
സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.
(മുൻപ് നൽകിയ സൂചകങ്ങൾ പരിഗണിക്കണം.)

**പ്രവർത്തനം -6**

കവിതാചാർട്ട് പ്രദർശിപ്പിക്കുന്നു.

അച്ഛനോട്
മുത്തശ്ശിക്കഥ കേൾപ്പിച്ചില്ല
പൊട്ടൻതെയ്യം കാണിച്ചില്ല
മണ്ണിലിറക്കിയില്ല
മലയാളം തൊടീച്ചില്ല
വേരുകളും കന്നിക്കൊയ്ത്തും
പാവങ്ങളും അയൽക്കാരും
കൺവെട്ടത്തേ വന്നില്ല.
കുറുന്തോട്ടിയും ശതാവരിയും
തിരിച്ചറിഞ്ഞില്ല
ആഴവും ഒഴുക്കും അനുഭവിച്ചില്ല
മത്സരങ്ങളിൽ ഞാൻ
ആർത്തിപുരണ്ട അമ്പ്
ഉത്സവങ്ങളിൽ ആർക്കും കയ്യെത്താത്തിടമ്പ്
ചെറുപ്പത്തിലേ തന്നത്
വാഷിങ്ടണിലേക്കുള്ള
സ്വപ്നവിമാനത്തിന്റെ ടിക്കറ്റ്
സിലിക്കൺ താഴ്വരയിൽ
അമ്പതുനില ഫ്ളാറ്റിന്റെ
തീറാധാരം.
എന്നിട്ടിപ്പോൾ നിലവിളിക്കുന്നു
മക്കൾ
വൃദ്ധസദനത്തിലടച്ചെന്ന്.

- ജിനേഷ് കുമാർ എരമം

കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

കണ്ടെത്തലുകൾ പൊതുവായി ചർച്ച ചെയ്യുന്നു.
ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

**ചോദ്യങ്ങൾ**

- -കവിതയുടെ ആശയമെന്ത്?
- -അച്ഛന്റെ പരാതി പ്രസക്തമാണോ?
- - മകൻ നിരത്തുന്ന യുക്തികളെന്തെല്ലാം?
- -മകന്റെ യുക്തികളോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
- -അച്ഛന്റെ അവസ്ഥയ്ക്ക് ഉത്തരവാദികൾ ആരെല്ലാമാണ്?

സൂചനകൾക്കനുസരിച്ച് കുട്ടികൾ പ്രതികരിക്കുന്നു.

**ക്രോഡീകരണം**

- - ഒറ്റപ്പെടുന്ന വാർധക്യം
- -ജീവിതസാഹചര്യങ്ങളുടെ സമ്മർദ്ദം
- -കൊടുത്തതേ ലഭിക്കൂ
- -മൂല്യങ്ങൾ രൂപപ്പെടുന്നത് ജീവിതാനുഭവങ്ങളിൽനിന്നാണ്.
- -
- -

തുടർന്ന് ഇതുവരെ നടത്തിയ ചർച്ചകളുടെയും കണ്ടെത്തലുകളുടെയും തിരിച്ചറിവുകളുടെയും അടിസ്ഥാനത്തിൽ -സ്നേഹം തേടുന്ന വാർധക്യം- എന്ന വിഷയത്തെ ആസ്പദമാക്കി മുഖപ്രസംഗം(എഡിറ്റോറിയൽ) തയ്യാറാക്കുക.
വ്യക്തിഗതമായി തയ്യാറാക്കുന്നു.
പൊതു അവതരണം.
സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തൽ, മെച്ചപ്പെടുത്തൽ.

**സൂചകങ്ങൾ**

- -വിഷയവുമായി ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- -വ്യത്യസ്ത കാഴ്ചപ്പാടുകളിൽ വിലയിരുത്തിയിട്ടുണ്ട്.
- -നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്.
- -ഘടന പാലിച്ചിട്ടുണ്ട് (തലക്കെട്ട്, ആമുഖം, ക്രമമായ ആശയാവതരണം, ഉപസംഹാരം..)
- -ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

## അധ്യായം-2

## നിലാവുപെയ്യുന്ന നാട്ടുവഴികൾ

**ആമുഖം**

പ്രകൃതിയോടിണങ്ങി ജീവിതം തളിർത്ത ഒരു ഗ്രാമീണാന്തരീക്ഷം കേരളത്തിലുണ്ടായിരുന്നു. നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളിൽ മനുഷ്യനും പ്രകൃതിയും ഇണങ്ങിക്കഴിഞ്ഞിരുന്നു. ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പുകളും സ്നേഹബന്ധങ്ങൾ തഴച്ചുവളർന്ന അയൽപക്കങ്ങളും നമുക്കുണ്ടായിരുന്നു.
വിഭാഗീയതകളില്ലാത്ത സമത്വസുന്ദരമായ ജീവിതക്രമം ചിട്ടപ്പെടുത്താൻ നമുക്ക് കഴിഞ്ഞിരുന്നു. ഇത്തരം നന്മകളെ സംരക്ഷിക്കേണ്ടത് പുതിയ കാലത്തിന്റെ ആവശ്യമാണ് എന്ന തിരിച്ചറിവു നൽകാൻ ഉപകരിക്കുന്നവയാണ് നിലാവുപെയ്യുന്ന നാട്ടുവഴികൾ എന്ന അധ്യാ

യത്തിലെ പാഠഭാഗങ്ങൾ.

**പ്രവർത്തനം-1**

പ്രവർത്തനപത്രിക ചെറുസംഘങ്ങളിൽ വിതരണം ചെയ്യുന്നു. ചർച്ച ചെയ്യുന്നു.

**പ്രവർത്തനപത്രിക**

ഞാൻ മണ്ണായിരുന്നെങ്കിൽ, ജലമായിരുന്നെങ്കിൽ, പുല്ലോ പൂവോ പുഴയോ ആയിരുന്നെങ്കിൽ പക്ഷികൾക്കൊപ്പം എനിക്ക് പാറി നടക്കാനായെങ്കിൽ ഭയപ്പെടാൻ ഒന്നുമുണ്ടാകുമായിരുന്നില്ല. ഈ മണ്ണിലാണ് ഞാൻ പിച്ച വെച്ചത്. ഇവിടെനിന്നുതന്നെയാണ് നാം സ്വപ്നം കണ്ടത്. സ്വപ്നങ്ങൾ യാഥാർഥ്യമായതും ഇവിടുന്നുതന്നെ. ഇന്നലെ കണ്ടതല്ല നാം ഇന്നു കാണുന്നത്. നന്മയുടെ മിന്നാമിനുങ്ങുകളെ നമുക്ക് എവിടെയാണ് ദർശിക്കാൻ കഴിയുന്നത്. കൂരിരുട്ടിൽ ഒരു പിഞ്ചുകുഞ്ഞിന്റെ കരച്ചിൽ കേട്ടാൽ നമുക്കു തോന്നും മണ്ണട്ട കരയുകയാണെന്ന്.

വാഹനത്തിനടിയിൽപ്പെട്ട് ഒരാൾ പിടയുന്നതുകണ്ടാൽ സഞ്ചരിക്കുന്ന വാഹനത്തിൽനിന്നിറങ്ങി സ്മാർട്ട് ഫോൺ കയ്യിലെടുക്കും. വാട്സാപ്പിൽ ജീവനുവേണ്ടി കരയുന്ന ആ മനുഷ്യന്റെ വീഡിയോദൃശ്യം ലൈക്കുകൾക്കുവേണ്ടി ഓടി നടക്കും. അടുത്ത വീട്ടിൽനിന്നും ഉച്ചത്തിൽ കരച്ചിൽ കേട്ടാൽ അതവിടെ ദിവസവും ഉണ്ടാകുന്നതാണെന്നു പറഞ്ഞ് ആശ്വസിക്കും.

ഇന്നലെകളുടെ വൈകുന്നേരങ്ങൾ നമ്മോട് ചിലത് പറയാതെ പറഞ്ഞുവയ്ക്കുന്നില്ലേ? നാട്ടിടവഴികളിൽപ്പോലും സ്നേഹം പൂത്തുലഞ്ഞുനിന്ന ആ പഴയ കാലനന്മകളിൽ തെളിയുന്ന സൗഹൃദങ്ങൾ എവിടെയോ പോയ്മറഞ്ഞു. നമ്മുടെ നാട്ടുനന്മകൾ തളിർക്കണം, പൂത്തുലയണം.

അയൽപക്കസൗഹൃദക്കൂട്ടായ്മകളിലൂടെ അസഹിഷ്ണുതയില്ലാത്ത ലോകം പുലരണം. അഭിപ്രായങ്ങളിൽ വ്യത്യസ്തത ഉണ്ടാകുമ്പോഴും ഞാനാണു നീ, നീയാണു ഞാൻ, ഞങ്ങളാണ് നിങ്ങൾ, നിങ്ങളാണ് ഞങ്ങൾ എന്നിങ്ങനെയുള്ള ചിന്തകൾ പുലരണം.

**ചർച്ചാസൂചകങ്ങൾ**

-ഈ സന്ദേശത്തെ നിങ്ങൾ വിലയിരുത്തുന്നതെങ്ങനെ?
-ഇന്നലെകളിലെ നന്മകൾ എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?
-ഇന്നത്തെ സമൂഹത്തിനു വന്ന മാറ്റങ്ങൾ എന്തെല്ലാം?
-യഥാർഥമനുഷ്യനെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തകൾ എന്തെല്ലാം?

പ്രവർത്തനപത്രിക സംഘങ്ങളിൽ വായിക്കുന്നു. ചർച്ച, വിശകലനം.
ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.
തുടർന്ന്

“ നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം “
-കുറ്റിപ്പുറത്തു കേശവൻനായർ

വരികൾ പ്രദർശിപ്പിക്കുന്നു. വായന-വ്യക്തിഗതം. മുൻപ്രവർത്തനത്തിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തി കവിതാശകലം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തനം-2**

“ മാമ്പൂ കണ്ടു മദിക്കല്ലേ
മാരിക്കാർവില്ലിനെ നമ്പല്ലേ “
-പൂത്ത മാവിനെപ്പറ്റി -ഇടശ്ശേരി

വരികൾ പ്രദർശിപ്പിച്ച് ചർച്ച.
മാവുമായി ബന്ധപ്പെട്ട ചൊല്ലുകൾ കണ്ടെത്തുന്നു. വിശകലനം ചെയ്യുന്നു. കണ്ടെത്തുന്നവ ബോർഡിലെഴുതുന്നു.

-മാമ്പൂ കണ്ടും മക്കളെക്കണ്ടും മദിക്കരുത്.
-അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ...
-മാങ്ങയുള്ള മാവിനേ കല്ലേറു കിട്ടൂ.

**പ്രവർത്തനം-3**

അങ്കണത്തൈമാവിൽനിന്നാദ്യത്തെ........
കവിതാഭാഗം അധ്യാപിക ചൊല്ലുന്നു. ഇത്തരത്തിൽ കവിതയിൽ മാവിനെക്കുറിച്ച്

പരാമർശിക്കുന്ന  വരികൾ കണ്ടെത്തുന്നു, ചർച്ച ചെയ്യുന്നു. .
ഉദാ:-

- “മാവു വെട്ടുന്നു ചിലർ, വേലി തട്ടുന്നു ചിലർ
  ആവതും വിധവയെ ആശ്വസിപ്പിപ്പൂ ചിലർ“
- “ഇനന്റെ ചെന്തീർക്കതിർമാരി നിത്യം
  ഇടംപെടും തൻതലകൊണ്ടു താങ്ങി
  നമുക്കു പച്ചക്കുടയും പിടിച്ച്
  തേൻമാവതാ ദീനദയാലു നിൽപ്പൂ “
- “ വിത്തിന്നകത്തൊളിച്ചീ ഞാൻ
  വിരിമാറത്തുറങ്ങവേ
  എല്ലാർക്കുമമ്മയാം ഭൂമി
  എന്നെ രക്ഷിച്ചിതാർദ്രയായി “

  - തൈമാവ്

തുടർന്ന് കുട്ടികൾ അവരുടെ മാമ്പഴക്കാലാനുഭവങ്ങൾ അവതരിപ്പിക്കുന്നു. അധ്യാപിക കൂട്ടിച്ചേർക്കുന്നു.
മാവ് മലയാളിയുടെ ജീവിതത്തെ സ്വാധീനിക്കുന്നതെങ്ങനെയെല്ലാം? ചോദ്യമുന്നയിച്ച് ചർച്ച. ചർച്ചയിലൂടെ കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിക്കുന്നു. വിവിധ സംഘങ്ങളിലായി അവയെഴുതി തയ്യാറാക്കുന്നു
അവ ഉപയോഗിച്ച് ‘മാവും മലയാളസാഹിത്യവും‘എന്ന വിഷയത്തെക്കുറിച്ച് തയ്യാറാക്കുന്നു.

**പ്രവർത്തനം-4**

തുടർന്ന് കൊച്ചുചക്കരച്ചി എന്ന ലേഖനത്തിലെ ചില സന്ദർഭങ്ങൾ വിശകലനം ചെയ്യുന്നു.

- ഇന്നു മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല.

അപരിഷ്കൃതമട്ടുകൾ എന്ന പദം നൽകുന്ന അർഥസൂചനകൾ എന്തെല്ലാം? ചോദ്യമുന്നയിക്കുന്നു.
പൊതുവായി ചർച്ച ചെയ്യുന്നു. ഓരോ ദേശത്തും മാവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന വിശ്വാസങ്ങൾ, ആചാരങ്ങൾ....തുടങ്ങിയവയും ചർച്ച ചെയ്യണം.

- ആ കഥ അവൾക്കൊരു പ്രത്യേക അരുമത്തം കൂടെ നേടിക്കൊടുത്തു.

അരുമത്തം എന്ന പദം ആരുമായി ബന്ധപ്പെട്ടാണ് ഉപയോഗിച്ചിരിക്കുന്നത്?
അതിന്റെ കാരണങ്ങൾ എന്തെല്ലാം?  ചോദ്യങ്ങളുന്നയിച്ചു ചർച്ച.

കൊച്ചുചക്കരച്ചി എന്ന രചനയെ ആകർഷകമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ച.
ആവശ്യമായ തെളിവുകൾ ലേഖനത്തിൽനിന്നു കണ്ടെത്തുന്നു. അവ രചനയെ ആകർഷകമാക്കുന്നതെങ്ങനെയെന്നു ചർച്ച ചെയ്യുന്നു.

- മനുഷ്യഭാവം
- കാവ്യാത്മകമായ ഭാഷ, ലാളിത്യം
- വാങ്മയചിത്രം
-

–

പാഠഭാഗവുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ ചർച്ചകളിൽനിന്നു രൂപപ്പെട്ട ആശയങ്ങൾ പ്രയോജനപ്പെടുത്തി കൊച്ചുചക്കരച്ചി എന്ന ലളിതോപന്യാസത്തിന്റെ സവിശേഷതകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുന്നു.
വ്യക്തിഗതരചന
പൊതു അവതരണം
ചർച്ചകളിലൂടെ വിലയിരുത്തൽ

**പ്രവർത്തനം-5**

അധ്യാപിക ഓണപ്പാട്ടെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

മാവേലി നാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
പത്തായിരമാണ്ടിരിപ്പുമുണ്ട്
പത്തായമെല്ലാം നിറവതുണ്ട്.
എല്ലാ കൃഷികളുമൊന്നുപോലെ
നെല്ലിനു നൂറു വിളവതുണ്ട്.
ദുഷ്ടരെക്കൺകൊണ്ടു കാണ്മാനില്ല
നല്ലവരല്ലാതെയില്ല പാരിൽ!
ഭൂലോകമൊക്കെയുമൊന്നുപോലെ
ആലയമൊക്കെയുമൊന്നുപോലെ
നാരിമാർ ബാലന്മാർ മറ്റുള്ളോരും
നീതിയോടെങ്ങും വസിച്ച കാലം.
കള്ളവുമില്ല ചതിയുമില്ലാ
എള്ളോളമില്ലാ പൊളിവചനം!
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിനു തുല്യമായി.
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.
നല്ല മഴപെയ്യും വേണ്ടുംനേരം
നല്ലപോലെല്ലാ വിളയുംചേരും
മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.

കുട്ടികളും അധ്യാപികയും ചേർന്ന് ഓണപ്പാട്ട് ആലപിക്കുന്നു.
ഓണപ്പാട്ട് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? ചോദ്യമുന്നയിച്ചു ചർച്ച.
കുട്ടികൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
കവിതയിലെ സമൂഹവും ഇന്നത്തെ സമൂഹവും തമ്മിലുള്ള വ്യത്യാസങ്ങളിലൂന്നി ചർച്ച നട

ത്തണം.
അതിനായി ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങൾ അധ്യാപിക ഉന്നയിക്കണം.
ഉന്നയിക്കാവുന്ന ചോദ്യങ്ങൾ

- പോയ കാലത്തിന്റെ എന്തെല്ലാം സവിശേഷതകൾ ഓണപ്പാട്ടിൽനിന്നു വായിച്ചെടുക്കാം?
- ഓണപ്പാട്ടിൽ തെളിയുന്ന മാനവജീവിതത്തിന്റെ പ്രത്യേകതകളെന്തെല്ലാം?
- മനുഷ്യ-പ്രകൃതി പാരസ്പര്യം ഈ പാട്ടിൽ എത്രത്തോളം ദൃശ്യമാണ്?
- സമൂഹം അന്നും ഇന്നും-വ്യത്യാസങ്ങളെന്തെല്ലാം?

കുട്ടികളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ആശയങ്ങൾ ക്രോഡീകരിക്കുന്നു.
തുടർന്ന് ഓണമുറ്റത്ത് എന്ന കവിതയിലെ ചില വരികൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

"പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയ്ക്കാൻ നോക്കാം
ഇവരറിയുന്നീലെന്നഭിമാനം! "

കവി അഭിമാനം കൊള്ളാനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കും?
ചർച്ച
കുട്ടികൾ നിർദേശിക്കുന്നവ ബോർഡിലെഴുതുന്നു.
അധ്യാപികയോ കുട്ടിയോ ക്രോഡീകരിക്കുന്നു.

- പഴയകാലത്തെ ഓണം മുന്നോട്ടു വെക്കുന്ന മനുഷ്യജീവിതചിത്രം
- കവിയിൽ രൂപപ്പെട്ട കാവ്യദർശനം
- ആധുനികതലമുറക്കാരുടെ ഓണസങ്കല്പം
-

ഇതുവരെ നടന്ന ചർച്ചകൾ ക്രോഡീകരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാലത്തിനനുസരിച്ച് മാറുന്ന ഓണസങ്കല്പങ്ങൾ എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
വ്യക്തിഗതമായി തയ്യാറാക്കുന്നു.
പൊതു അവതരണം -ചർച്ച.
മെച്ചപ്പെടുത്തൽ.

**പ്രവർത്തനം-6**
തുടർന്ന്, കുട്ടികൾ ചെറുസംഘങ്ങളായി പ്രവർത്തനപത്രിക വിശകലനം ചെയ്യുന്നു.
ഓരോ സംഘത്തിനും നൽകേണ്ടത്.
**സംഘം-1**
ഓണമുറ്റത്ത് എന്ന കവിതയിൽ തെളിയുന്ന പ്രകൃതി.
**സംഘം-2**
മാവേലിമന്നനെ എതിരേൽക്കുന്നതിനായി ഒരുങ്ങുന്ന രീതി- അതിലെ കേരളീയത

**സംഘം-3**
കവി സ്വയം പുള്ളുവനെന്നു വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം

**സംഘം-4**
കവിയുടെ ഓണസങ്കൽപ്പം
പുതുതലമുറയുടെ ഓണത്തോടുള്ള നിലപാട്

**സംഘം-5**
കവിതയിലെ കാവ്യപരമായ പ്രത്യേകതകൾ
പദപ്രയോഗങ്ങൾ, വാങ്മയചിത്രങ്ങൾ, വർണനകൾ, കവിത ആകർഷകമാക്കാൻ സ്വീകരിച്ച മറ്റു തന്ത്രങ്ങൾ.....
ഓരോ സംഘവും ചർച്ച ചെയ്യുന്നു. കണ്ടെത്തലുകൾ കുറിക്കുന്നു.
പൊതുവായി അവതരിപ്പിക്കുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
ക്രോഡീകരിക്കുന്നു.
അവ പ്രയോജനപ്പെടുത്തി -വൈലോപ്പിള്ളിക്ക് ഓണം കേവലം ഒരാഘോഷമല്ല തന്റെ കാവ്യാദർശം കൂടിയാണ്- എന്ന പ്രസ്താവനയോടു പ്രതികരിക്കുന്ന കുറിപ്പ് തയ്യാറാക്കുന്നു. (വ്യക്തിഗതം)

**പ്രവർത്തനം-7**
അധ്യാപിക കവിതാചാർട്ട് പ്രദർശിപ്പിക്കുന്നു.

**ഓണം 1987**

ഒരു ചെടിയും നട്ടുവളർത്തീ-
ലോണപ്പൂവെങ്ങനെ നുള്ളും?
ഒരുവയലും പൂട്ടി വിതച്ചീ-
ലോണച്ചോറെങ്ങനെയുണ്ണാൻ?
ഒരു വാഴക്കന്നും നട്ടീ-
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴിനൂൽപോലും നൂറ്റീ-
ലോണത്തുണിയെങ്ങനെയണിയാൻ?
ഒരു രാഗം മൂളിപ്പഴകീ-
ലോണപ്പാട്ടെങ്ങനെ പാടാൻ?
ഒരു കരളിൽ സ്നേഹം പാകീ-
ലോണക്കളിയെന്തു കളിക്കാൻ?
ഉള്ളത്തിൽക്കള്ളക്കർക്കടം
എങ്ങനെ പൊന്നോണം പുലരാൻ?

- എൻ.വി. കൃഷ്ണവാരിയർ

തന്നിരിക്കുന്ന കവിതയുടെ ആശയവും ഓണമുറ്റത്ത് എന്ന കവിതയുടെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം-8**

"നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്.
നീ തിന്നാലേ ഞാനും തിന്നുകൊള്ളൂ. "

"മത്തായിയൊണ്ടോ ഈ കൂട്ടത്തില്! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്ന് കൊണ്ടുപോകാൻ. ഞാനവിടെക്കെടന്നു ചത്തോളാം. നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻ മേല. "

"അങ്ങേതിലെ അമ്മ വയസ്സായിരിക്കുകാ. തിരിച്ചു വരുമ്പോഴേക്ക് അവരെ കാണാൻ ഭാഗ്യമുണ്ടായില്ലെങ്കിലോ? അതിലേ ഒന്നു കേറിയിട്ടു പോകരുതോ? മർക്കോസ് ചോദിച്ചു. "

"മർക്കോസിന്റെ അപ്പൻ കുറച്ചു സ്ഥലം മത്തായിയുടെ അമ്മയ്ക്ക് പാർക്കാൻ കൊടുത്തു. "

ഓരോ പ്രസ്താവന വീതം സംഘങ്ങൾക്കു നൽകുന്നു.
വാക്യങ്ങൾ ഉൾക്കൊള്ളുന്ന കഥാസന്ദർഭങ്ങൾ കഥാഭാഗത്തുനിന്നും കണ്ടെത്തുന്നു. സന്ദർഭങ്ങൾ/ വാക്യങ്ങൾ വിശകലനം ചെയ്യുന്നു. ആശയം കണ്ടെത്തുന്നു.

വാക്യങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടുകളിൽ വിശകലനം ചെയ്യണം
(വ്യക്തി, സമൂഹം, സ്വഭാവം, സന്ദേശം., നിലപാടുകൾ........)
-പൊതു അവതരണം-ചർച്ച
തുടർന്ന്

അയലു തഴപ്പതിനായ് അതിപ്രയത്നം
നലമറിയും നരനാചരിച്ചിടേണം
-ശ്രീനാരായണഗുരു

നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക
-ബൈബിൾ

ഉദ്ധരണികളിലെ ആശയം കോഴിയും കിഴവിയും എന്ന കഥയിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം-9**

- വിദ്യകൊണ്ട് പ്രബുദ്ധരാവുക
  സംഘടനകൊണ്ട് ശക്തരാവുക
- മനുഷ്യാണാം മനുഷ്യത്വം
  ജാതിർഗോത്വാ ഗവാം യഥാ

- അവനിവനെന്നറിയുന്നതൊക്കെയോർത്താൽ
  അവനിയിലാദിമമായൊരാത്മരൂപം
  അവനവനാത്മസുഖത്തിനാചരിക്കുന്നവ-
  യപരന്നു സുഖത്തിനായ് വരേണം.
  - പലമതസാരവുമേകം

- മതമേതായാലും മനുഷ്യൻ നന്നായാൽ മതി

ഗുരുദേവവചനങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. ഓരോ വചനവും ഓരോ സംഘത്തിനു നൽകുന്നു.

ലഭിച്ച വചനത്തിന്റെ ആശയം ഉൾപ്പെടുന്ന പാഠസന്ദർഭം ലേഖനത്തിൽനിന്നും കണ്ടെത്തുന്നു.

പൊതുവായി അവതരിപ്പിക്കുന്നു. അധ്യാപിക ക്രോഡീകരിക്കുന്നു.

**പ്രവർത്തനം 10**

ഇതര സന്യാസിമാരിൽനിന്നും വ്യത്യസ്തമായി ശ്രീനാരായണഗുരുവിൽ ലേഖകൻ കാണുന്ന പ്രത്യേകതകൾ എന്തെല്ലാം?

അധ്യാപിക ചോദ്യം ബോർഡിലെഴുതുന്നു.

പൊതു ചർച്ച.

കുട്ടികളുടെ പ്രതികരണങ്ങളിലെ പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.

ക്രോഡീകരിക്കുന്നു.

-അധഃകൃതവർഗോദ്ധാരണം സാമൂഹ്യനവോത്ഥാനത്തിനുള്ള മാർഗമായി കണ്ടു.
-തപശ്ചര്യകൊണ്ട് വികസിപ്പിച്ച വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി ഉപയോഗിച്ചു.
-ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത് കേരളീയരെ മനുഷ്യത്വം പഠിപ്പിച്ചു.
-ഒരേ സമയം ജ്ഞാനസിദ്ധനും കർമ്മയോഗിയും
-മതത്തെയും ദൈവത്തെയും ഏകത്വത്തിൽ ലയിപ്പിച്ചു.
-മതാതീതനായ തത്വജ്ഞാനി
-
-

ചർച്ചകളിൽ രൂപപ്പെടുന്ന ആശയങ്ങൾ പരിഗണിച്ച് 'ഗുരുദർശനങ്ങളുടെ കാലികപ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് ലഘുപ്രബന്ധം തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കുന്നു.

പൊതുവായി അവതരിപ്പിക്കുന്നു.

സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തുന്നു.

**സൂചകങ്ങൾ**

-ഗുരുവചനങ്ങളിലെ ആശയം, പാഠഭാഗത്തിന്റെ ആശയം എന്നിവ ഉൾക്കൊണ്ടിട്ടുണ്ട്.
-വർത്തമാനകാലസാമൂഹ്യാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.
-അവയുടെ പ്രസക്തി തിരിച്ചറിഞ്ഞ് പ്രബന്ധം തയ്യാറാക്കിയിട്ടുണ്ട്.

## അധ്യായം-3
## വാക്കുകൾ വിടരുന്ന പുലരികൾ

**ആമുഖം**

ജീവിതത്തിലെ മൂല്യബോധമാണ് ഉത്തമസമൂഹത്തെ സൃഷ്ടിക്കുന്നത്. ഒരു വ്യക്തി ആർജിക്കുന്ന സംസ്കാരവും അവന്റെ മാതൃഭാഷയും മൂല്യങ്ങൾ രൂപപ്പെടാനുള്ള പ്രേരകശക്തികളാണ്. നന്മകൾ പുലരുന്ന നാളെകൾ വിടരാൻ ഇന്നിന്റെ മണ്ണിൽ മൂല്യബോധത്തിന്റെ വിത്തുകൾ പാകണം. പണത്തിനും പദവിക്കും വേണ്ടിയുള്ള മത്സരങ്ങളിൽ നഷ്ടമാകുന്ന മൂല്യങ്ങളെക്കുറിച്ച് നാം ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരം ചിന്തകൾ പരിചയപ്പെടുത്തുന്ന രചനകളാണ് പണയം, അമ്മയുടെ എഴുത്തുകൾ, പത്രനീതി എന്നിവ.

**പ്രവർത്തനം-1**

'കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല.
കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയില്ല ദുരാഗ്രഹം '
-കുഞ്ചൻനമ്പ്യാർ

വരികൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
വരികൾ വായിച്ച് കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ പങ്കിടുന്നു.
പ്രധാനാശയങ്ങൾ ബോർഡിലെഴുതുന്നു.
ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

-വരികളിൽ പരിഹസിക്കുന്നതാരെ?
-പണാധിഷ്ഠിത സമൂഹത്തിന്റെ പ്രത്യേകതകളെന്തെല്ലാം?
-പണം മാത്രമാണോ മനുഷ്യനെ ദുഷിപ്പിക്കുന്നത്?
-മാനവികമൂല്യങ്ങൾക്ക് പ്രാധാന്യമുള്ള സമൂഹത്തിന്റെ പ്രത്യേകതയെന്ത്?

ഏതു തരം സമൂഹമാണ് നിലനിൽക്കേണ്ടത്? എന്തുകൊണ്ട്?
കുട്ടികളുടെ പ്രതികരണം ചർച്ച ചെയ്യുന്നു. പ്രധാനാശയങ്ങൾ രേഖപ്പെടുത്തുന്നു.
അധ്യാപിക ക്രോഡീകരിക്കുന്നു.
തുടർന്ന്'പണയം'എന്ന കഥയിലെ രണ്ടു സന്ദർഭങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അയാളുടെ തയ്യൽക്കടയിൽറേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു. പാട്ടുകേൾക്കാനും വാർത്തകൾ അറിയാനുമൊക്കയായി ദൂരത്തുനിന്നുള്ളവർപോലും അവിടെയെത്തിച്ചേർന്നു.

'ഈ റേഡിയോം പാട്ടുക്കെ ഇനിക്കത്ര പിട്ത്തല്ല്യാ. മന്ഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്!
ആ നേരം വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം.'

കഥാസന്ദർഭങ്ങൾ ബോർഡിലെഴുതുന്നു. വ്യക്തിഗതമായി വായിക്കുന്നു.
കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു. (കഥാപാത്രം,മനോഭാവം, സന്ദർഭം, ആശയം......)
ആവശ്യമെങ്കിൽ ചോദ്യങ്ങളിലൂടെ അധ്യാപിക ഇടപെടുന്നു.

ക്രോഡീകരണം

ഓരോ സന്ദർഭവും കഥാപാത്രത്തെക്കുറിച്ച് കൂടുതൽ തിരിച്ചറിവുകൾ നൽകുന്നു. കഥാപാത്രസ്വഭാവം
വ്യക്തമാക്കുന്ന കൂടുതൽ സന്ദർഭങ്ങൾ വ്യക്തിഗതമായി കണ്ടെത്തുന്നു.

| ചാക്കുണ്ണി | ചെമ്പുമത്തായി |
|---|---|
| --------- | --------------- |
| ---------- | ---------------- |
| ------------ | ---------------- |

കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.

-വ്യക്തികൾ മാനവികമൂല്യബോധമുള്ളവരാകണം.
-മൂല്യബോധം മനോഭാവം രൂപ്പെടുത്തും.
-മൂല്യബോധമുള്ള മാനവസമൂഹം രൂപപ്പെടും.
-അനീതിക്കെതിരെ പ്രതികരിക്കും.
-മൂല്യബോധമുള്ളവർ അനുകരണീയരാകും.
-മാനവമൂല്യമുൾക്കൊള്ളുന്നവർ കാലത്തെ അതിജീവിക്കും.

ഇതുവരെ നടന്ന ചർച്ചകളുടെയും തിരിച്ചറിവുകളുടെയും അടിസ്ഥാനത്തിൽ 'സമൂഹജീവിതത്തിലെ മൂല്യബോധങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുന്നു.

**പ്രവർത്തനം-2**

വാക്കുകൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ. വാക്കുകൾകൊണ്ടുള്ള കളികളിലൂടെ, കടങ്കഥകളിലൂടെ പഴഞ്ചൊല്ലുകളിലൂടെ, അക്ഷരങ്ങളുടെ മറിച്ചുചൊല്ലലിലൂടെ ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി.

എന്റെ വിദ്യാഭ്യാസത്തിന്റെ ഭാഷ എന്റെ സംസ്കാരത്തിന്റെ ഭാഷയായിരുന്നില്ല.
-വാക്കിന്റെ കൂടെരിയുന്നു -ഗൂഗി വാ തിഓംഗോ

സന്ദർഭങ്ങൾ വ്യക്തിഗതമായി വായിക്കുന്നു.
കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

**വിശകലനചോദ്യങ്ങൾ-ഓരോന്നായി ഉന്നയിക്കുന്നു.**

-മാതൃഭാഷയുടെ വശീകരണശക്തി കുട്ടികൾ മനസ്സിലാക്കിയതെങ്ങനെ?
-ഭാഷയുടെ സംഗീതം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
-വിദ്യാഭ്യാസത്തന്റെയും സംസകാരത്തിന്റയും ഭാഷ മാതൃഭാഷയായിരിക്കണം എന്നതുകൊണ്ടർഥമാക്കുന്നതെന്ത്?
-ഇത്തരത്തിലുള്ള അനുഭവങ്ങൾ നിങ്ങൾക്കുണ്ടോ?
-കുട്ടികളുടെ പ്രതികരണത്തിന്റെയും കൂടി അടിസ്ഥാനത്തിൽ ക്രോഡീകരണം.

അവ പ്രയോജനപ്പെടുത്തി മാതൃഭാഷയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തനം-3**

'നാദമായ് വന്നെന്റെ നാവിലെത്തേനായി,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ'

വരികൾ ബോർഡിലെഴുതുന്നു. കുട്ടികൾ വായിക്കുന്നു. തുടർന്ന് ചർച്ച.

നാവിലെത്തേൻ, നാഭിയിൽ സ്പന്ദിച്ചത്, ഉള്ളെഴുത്തുകൾ എന്നീ പ്രയോഗങ്ങളിലൂടെ കവി നൽകുന്ന ആശയങ്ങളെന്തെല്ലാം?

ചർച്ച.

ചർച്ചയിലൂടെ കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിക്കുന്നു.

- തേനും വയമ്പും നൽകുന്നതിന്റെ സൂചന, വാക്കുകൾതന്നെ തേനായി മാറുന്നു...
- അമ്മയും കുഞ്ഞും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം.
- മാതൃഭാഷയിലെ എഴുത്തുകൾ അമ്മയുടെ ഹൃദയവികാരംതന്നെയാണ്.

'പൊക്കിളിൻവള്ളി
    യടർത്തിക്കളഞ്ഞു നിൻ
പൊൽക്കരൾക്കൂട്ടിന്റെ
    യുള്ളിൽ വന്നപ്പൊഴേ
പോയ കാലത്തിൻ
    മധുരങ്ങളിൽക്കൊതി
യൂറുന്ന ശീലം മറന്നു തുടങ്ങി ഞാൻ '

വരികൾ പ്രദർശിപ്പിക്കുന്നു. വ്യക്തിഗതമായി വായിക്കുന്നു.

ആശയങ്ങൾ അവതരിപ്പിക്കുന്നു.

വിശകലനചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച.

- പൊക്കിളിൻവള്ളിയടർത്തിക്കളഞ്ഞു,
- പൊൽക്കരൾക്കൂട്ടിന്റെയുള്ളിൽ വന്നു
- പോയ കാലത്തിൻ മധുരങ്ങളിൽ കൊതിയൂറുന്ന ശീലം

എന്നീ പ്രയോഗങ്ങൾ നൽകുന്ന അർഥസൂചനകൾ എന്തെല്ലാം?

പ്രതികരണങ്ങൾ ചർച്ച ചെയ്യുന്നു.

**ക്രോഡീകരണം**

-മാതാവുമായുള്ള ബന്ധം മുറിയൽ(മാതൃഭാഷയോടുള്ള ബന്ധം മുറിക്കൽ)
- (അന്യഭാഷാബന്ധം)
- അമ്മ പകർന്നുതന്ന രുചികൾ ( മാതൃഭാഷ പകർന്നു തന്ന അനുഭവങ്ങൾ)

ക്രോഡീകരണത്തിനുശേഷം വരികളുടെ വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു.

അവതരണം-ചർച്ച

**പ്രവർത്തനം-4**

ആരുവായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലൂ
യിർക്കുമിച്ചൊല്ലുകൾ
നാളെയിക്കുട്ടികൾ
ചോദിക്കുമോ നമ്മ-
ളാരുടെ കുട്ടികൾ?

വരികളിലെ ആശയമെന്ത്?
ചർച്ച.
വിശകലനം
കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
മായുന്ന എഴുത്തുകൾ, നാളെയിക്കുട്ടികൾ, ചോദിക്കുന്ന ചോദ്യങ്ങൾ എന്നിവയിലൂന്നി ചർച്ചയും
ക്രോഡീകരണവും
(മലയാളികളിൽനിന്നും അകന്നുകൊണ്ടിരിക്കുന്ന മാതൃഭാഷ, ഭാവിതലമുറ മലയാളം അറിയാത്തവർ,
വ്യക്തിത്വവും സ്വത്വബോധവും നഷ്ടപ്പെട്ടവർ, മാതൃഭാഷയുടെ നാശം വ്യക്തിത്വത്തിന്റെയും മൂല്യബോധത്തിന്റെയും സംസ്കാരത്തിന്റെയും നഷ്ടമാണെന്ന ഓർമ്മപ്പെടുത്തൽ......)
ഈ ആശയങ്ങൾ ഉപയോഗപ്പെടുത്തി മാതൃഭാഷ തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികൾസ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളവിദ്യാഭ്യാസമന്ത്രിക്കു നൽകാനുള്ള നിവേദനം തയ്യാറാക്കുക.

**പ്രവർത്തനം-6**

**പ്രവർത്തനപത്രിക**

മധ്യവയസ്കനായ ഒരു പുരോഹിതനും മൂന്നു മക്കളും ഒഴിവുകാലം ആഘോഷിക്കാനായി മലഞ്ചെരിവിലെ പിക്നിക് സങ്കേതത്തിലെത്തി. കുടുംബാംഗങ്ങൾ താത്ക്കാലിക ടെന്റിനു മുന്നിൽ ആടിപ്പാടി ആഘോഷങ്ങളിൽ മുഴുകി. ഇടയ്ക്ക് അമ്മ കൂടാരത്തിനകത്ത് നോക്കിയപ്പോൾ തൊട്ടിലിൽ കിടത്തിയ മൂന്നു മാസം പ്രായമായ കുഞ്ഞിനെ കാണാനില്ലനേർത്ത ഇരുളിലൂടെ ഒരു കാട്ടുനായ കുറ്റിക്കാട്ടിലേക്ക് ഓടി മറയുന്നത് ചിലർ കണ്ടിരുന്നു. ചൂട്ടും പന്തവുമായി ആളുകൾ രാത്രി മുഴുവൻ തിരഞ്ഞെങ്കിലും കുഞ്ഞിനെ കണ്ടെത്താനായില്ല. ആ കുടുംബത്തിന്റെ ദുഃഖത്തിൽ സമൂഹം മുഴുവൻ പങ്കുകൊണ്ടു.
ഇതിനിടയിൽ കുഞ്ഞിനെ കാണാതായതു സംബന്ധിച്ച് ഊഹാപോഹങ്ങൾ പരന്നു. പത്തു റാത്തൽ തൂക്കം വരുന്ന ഒരു കുട്ടിയെ കടിച്ചെടുത്തുകൊണ്ട് പോകാൻ കാട്ടുനായ്ക്ക് കഴിയില്ലെന്ന് ഒരു ജന്തുശാസ്ത്രജ്ഞൻ പ്രസ്താവനയിറിക്കി. പത്രങ്ങളും ടെലിവിഷൻ ചാനലുകളും സംഭവം ഏറ്റെടുത്തു.
ജന്തുശാസ്ത്രജ്ഞനുമായുള്ള അഭിമുഖങ്ങൾ, അവരുടെ കുടുംബബന്ധങ്ങൾ ശിഥിലമാണെന്ന

ചില റിപ്പോർട്ടുകൾ.....

മാധ്യമങ്ങൾ വിധിയെഴുതി - അമ്മ കുഞ്ഞിനെ കൊന്നതാണെന്ന്. അവർ അറസ്റ്റു ചെയ്യപ്പെട്ടു.

ദുഃഖിതയായ അമ്മയുടെ മൊഴികളിൽ പരസ്പരവൈരുദ്ധ്യമുണ്ടെന്ന് വിചാരണവേളയിൽ കോടതി കണ്ടെത്തി. അവർ കൊലക്കുറ്റത്തിനു ശിക്ഷിക്കപ്പെട്ടു. എട്ടു വർഷത്തിനു ശേഷം ആ താഴ് വരയിൽ കാണാതായ ഒരു ഇംഗ്ളീഷ് ടൂറിസ്റ്റിനെ അന്വേഷിച്ചെത്തിയ സംഘത്തിന് ചോരപ്പാടുകളുള്ള ഒരു കുഞ്ഞു വസ്ത്രം കിട്ടി. അതിനെക്കുറിച്ചുള്ള അന്വേഷണം വർഷങ്ങൾക്കു മുമ്പ് കാണാതായ കുഞ്ഞിലേക്ക് നീണ്ടു. വസ്ത്രത്തിൽ കാട്ടുനായയുടെ കോമ്പല്ലുകൾ പതിഞ്ഞിരുന്നതായി തിരിച്ചറിഞ്ഞു.

പുരന്വേഷണത്തിൽ കുഞ്ഞിനെ കാട്ടുനായ കൊണ്ടുപോയതാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടു.

മാധ്യമങ്ങളാലും കോടതിയാലും കുറ്റവാളിയെന്നു വിധിക്കപ്പെട്ട ലിൻഡ ചേംബർലൈൻ എന്ന ആ അമ്മ എട്ടു വർഷത്തിനു ശേഷം ജയിൽമോചിതയായി.

-ഈ സംഭവം നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

-മാധ്യമങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങൾ കാണുന്നതെങ്ങനെ?

-കോടതിവിധിയോടുള്ള പ്രതികരണമെന്ത്?

-വൈകിക്കിട്ടുന്ന നീതി, നീതിനിഷേധംതന്നെയാണ്-യോജിക്കുന്നോ?

- ഇത്തരം അനുഭവങ്ങൾ ഇന്നും ഉണ്ടാകുന്നുണ്ടോ?ഇന്നത്തെ മാധ്യമ ഇടപെടലുകളെ വിമർശനാത്മകമായി വിലയിരുത്തുക.

പൊതുചർച്ച

ക്രോഡീകരണം.

തുടർന്ന്

ബയണറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്. - നെപ്പോളിയൻ

പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്. -ജഫ഻ഴ്സൺ

ഉദ്ധരണികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

-ഉദ്ധരണികൾ നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം?

ചോദ്യമുന്നയിച്ചു ചർച്ച. ആശയങ്ങളുടെ ക്രോഡീകരണം.

പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അതു സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

വാക്യം പൊതുചർച്ചയിലൂടെ വിശകലനം ചെയ്യുന്നു.

തുടർന്ന്, ഈ പ്രസ്താവന ഇന്നത്തെ മാധ്യമങ്ങൾക്ക് എത്രമാത്രം യോജിക്കുമെന്ന് പരിശോധിച്ച് കുറിപ്പ്

തയ്യാറാക്കുന്നു.(വ്യക്തിഗതം)

പൊതു അവതരണം-വിലയിരുത്തൽ

തുടർന്ന്, ഗ്രഹിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തി മൂല്യബോധമുള്ള പത്രപ്രവർത്തനത്തിന്റെ ആവശ്യകത വ്യക്തമാക്കി പത്രാധിപർക്ക് കത്ത് തയ്യാറാക്കുന്നു.

അവതരണം, ചർച്ച

മെച്ചപ്പെടുത്തൽ.